RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം

വാല്യം 7 ● ലക്കം 11 ● ജൂലൈ 2025 ● വില: 18 രൂപ

വെണ്മ

മലയാളം മാസിക

പുതിയ കാഴ്ചകൾ

അർപ്പണബോധം

പ്രത്യേക പതിപ്പ്

Inners for Winners
RAMRAJ
VESTS
BRIEFS • TRUNKS
Uplift your spirit from Within
Through celebrations and challenges, feel the comfort and confidence all day long.
Unleash your true self with Ramraj Banians.
Shreyas Iyer - Cricketer
SCAN QR CODE FOR STORE LOCATION
SUKRA SUPER FINE COTTON VESTS
ROMEX SUPERIOR BANIANS
RISE-UP PREMIUM BANIANS
ACOSTE LUXURY INNERWEARS
Breeze Eye Let Vests
WinStripe STRIPED BANIANS
ARCHERY GYM VEST
COMPACT PREMIUM COTTON RIB VESTS
LITTLE STARS KIDS INNERWEARS
Available at Ramraj Showrooms and All Leading Textile Shops | Shop Online at www.ramrajcotton.in

RAMRAJ
കോട്ടൺ
ഇന്ത്യയുടെ സംസ്കാരം
ജോലി, വ്യാപാരം, വ്യവസായം തുടങ്ങി ഏതു
മേഖലയിലും അർപ്പണബോധത്തോടെ
അധ്വാനിക്കാനുള്ള വഴികാട്ടിയും ജീവിതത്തിൽ വലിയ
വിജയങ്ങൾ കൈവരിക്കാൻ സഹായിയുമായ
അർപ്പണബോധം
പ്രത്യേക പതിപ്പ്
താങ്കൾക്ക് നൽകുന്നതിൽ
അഭിമാനമുണ്ട്.

വിജയത്തിന്റെ താക്കോൽ അർപ്പണബോധം...

പ്രിയരേ,

ജീവിതത്തിൽ നിങ്ങൾക്ക് എപ്പോഴും സ്വച്ഛസുന്ദരമായി കഴിയണമെങ്കിൽ നാം ചെയ്യുന്ന ജോലിയിൽ തികഞ്ഞ അർപ്പണബോധം പ്രകടിപ്പിക്കണം. പണം, പേര്, യശസ്സ് തുടങ്ങി യാതൊരു പ്രതീക്ഷയും ഇല്ലാതെ ഒരു ജോലിയിൽ അർപ്പണ ബോധത്തോടെ മുഴുകാൻ കഴിഞ്ഞാൽ അത് നൽകുന്ന ആഹ്ലാദത്തിന് അതിരുകളില്ല. ഒരു പ്രമുഖ എഴുത്തുകാരൻ പറഞ്ഞ ഒരു അനുഭവം ഇവിടെ ഓർക്കുകയാണ്. ചെറിയ കാര്യം പോലും അർപ്പണബോധത്തോടെ ചെയ്യേണ്ടതിന്റെ ആവശ്യകത അത് ഉണർത്തിക്കുന്നു.

ഒരു മഹാനഗരത്തിൽ വഴിയോരത്തെ കടകൾ ഒന്നിൽ ഒരു വൃദ്ധൻ പഴയ പുസ്തകങ്ങൾ തേടുക യാണ്. കുട്ടികൾക്കായുള്ള പുസ്തകങ്ങൾ ആണ് അയാൾക്കാവശ്യം. 'ആർക്കു വേണ്ടിയാണ് ഈ പുസ്തകങ്ങൾ?' എഴുത്തുകാരൻ ചോദിച്ചു. 'എന്റെ പേരക്കുട്ടിയെ എന്നും ഞാൻ പുസ്തകം വായിച്ചു കേൾപിക്കും. അതിനാണ് പുസ്തകങ്ങൾ എന്നും വാങ്ങുന്നത്,' അയാൾ പറഞ്ഞു.

'യു എസിൽ കഴിയുന്ന എന്റെ മകന്റെ കുട്ടിക്ക് എട്ടു വയസ്സായി. വീട്ടിൽ സംസാരിക്കുന്നതിനപ്പുറം മാതൃഭാഷ സംസാരിക്കാൻ മറ്റ് അവസരങ്ങൾ ഇല്ലാത്തതിനാൽ പേരക്കുട്ടിക്ക് ഇംഗ്ലീഷ് പോലെ മാതൃഭാഷ എഴുതാനും വായിക്കാനും അറിയില്ല. അതിനാൽ ദിവസവും ഒരു മണിക്കൂർ ഞാൻ അവനെ പുസ്തകങ്ങൾ വായിച്ചു കേൾപിക്കും. കുട്ടികൾക്കായുള്ള കഥകളാണ് വായിച്ചു കേൾപിക്കാറുള്ളത്. പേരക്കുട്ടിക്ക് ഇങ്ങനെ കഥ പറഞ്ഞു കൊടുക്കുമ്പോൾ അവനെ കൂടുതൽ മനസ്സിലാക്കാനും കഴിയും.

ഈ കഥകൾ വായിക്കുമ്പോൾ ഞാൻ തന്നെ കുട്ടിയായതുപോലെയുള്ള ഒരു സന്തോഷം ലഭിക്കും. ഇതിനായി ഞാൻ പുതിയ സങ്കേതികവിദ്യകൾ സ്വായത്തമാക്കുന്നു. സ്കൈപ്പ് വഴിയാണ് എന്നും സംസാരിക്കുന്നത്.

'ക്യാമറയ്ക്ക് മുന്നിൽ ഇരുന്ന് പേരക്കുട്ടിക്ക് മനസ്സിലാകുന്ന രീതിയിൽ കഥ പറയാൻ, ഞാൻ ദിവസവും പരിശീലിക്കാറുണ്ട്. പേരക്കുട്ടിയും ഒരു വർഷത്തിൽ ഇപ്പോൾ നന്നായി മാതൃഭാഷ സംസാരിക്കും. വിരമിച്ച എനിക്ക് ഇത് ക്രിയാത്മക ജോലിയായി അനുഭവപ്പെടുന്നുണ്ട്.

കഥകളിൽ നിന്ന് അൽപാൽപം മാറി കടങ്കഥ, പഴമൊഴികൾ, കവിതകൾ എന്നിങ്ങനെയുള്ള വിശദമായി പറഞ്ഞു കൊടുക്കും. ഒരു കാരണം കൊണ്ടും എന്റെ പേരക്കുട്ടി വീട്ടിൽ മാതൃഭാഷ സംസാരിക്കുന്നത് നിന്നു പോകരുത്. അതിനു വേണ്ടിയുള്ള എന്നാൽ കഴിയുന്ന ചെറിയ പരിശ്രമ മാണ് ഇത്. അർപ്പണബോധത്തോടെ ഇത് ചെയ്തു കൊണ്ടിരിക്കുന്നു' എന്ന് സാഹിത്യകാരനോട് പറഞ്ഞു ആ വയോധികൻ.

ഒരു മുത്തച്ഛന്റെ അർപ്പണബോധം മാതൃഭാഷയെ അടുത്ത തലമുറയിലും സജീവമായി നിലനിർത്തുന്നു. തലമുറകളുടെ വിടവ് നികത്തുന്നു. പുറംനാട്ടിൽ കഴിയുന്ന പേരക്കുട്ടിയുമായി സംസാരിക്കാൻ പുതിയ സാങ്കേതിക വിദ്യ തന്നെ പഠിക്കാൻ അയാൾ ശ്രമിക്കുന്നു.ആ ഒരു മണിക്കൂർ മഹത്തായ അനുഭവ മാക്കി മാറ്റാൻ അയാൾ ധാരാളം പുസ്തകങ്ങൾ വായിക്കുന്നു. എന്തെങ്കിലും പുലമ്പുന്നതിനു പകരം വീഡിയോ കോൾ ചെയ്യുന്നതിന് മുമ്പ് പറഞ്ഞു പരിശീലിക്കുന്നു. ഒരു മണിക്കൂർ നീണ്ട തന്റെ മുമ്പ് ജീവസുറ്റതാക്കാൻ ആ മുത്തച്ഛൻ കാട്ടുന്ന അർപ്പണബോധമാണ് ആ എട്ടു വയസ്സുള്ള കുട്ടിയെ മാതൃ ഭാഷ പഠിക്കാൻ പ്രേരിപ്പിക്കുന്നത്.

'ലക്ഷ്യം ഉള്ളവർ ജീവിതത്തിൽ നേട്ടം കൈവരിക്കും' എന്നത് സങ്കൽപം. സ്വന്തം ലക്ഷ്യം നേടാൻ അർപ്പണബോധത്തോടെ അധ്വാനിക്കുന്നവരാണ് വിജയം നേടുന്നവർ. അർപ്പണബോധമില്ലാത്ത ലക്ഷ്യം പകൽക്കിനാവ് ആണ്. കണ്ണ് തുറന്നാൽ അപ്രത്യക്ഷമാകും.

രാംരാജ് കോട്ടൺ നാൽപതു വർഷങ്ങളും കടന്ന് വിജയയാത്ര തുടരുകയാണ്. ഈ വ്യവസായത്തിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും മുന്നിൽ എത്തണമെന്ന് ആഗ്രഹമുണ്ട്. എന്നാൽ അതിനായി സ്ഥാപകൻ മാത്രം പ്രവർത്തിച്ചത്

കൊണ്ടായില്ല. സ്ഥാപനത്തിൽ എല്ലാവരും ഒരേ മനസ്സോടെ പ്രവർത്തിക്കുമ്പോഴേ വിജയം ലഭിക്കൂ.

'ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള തുണി ത്തരങ്ങൾ നൽകണം' എന്ന സ്ഥാപനത്തിന്റെ ലക്ഷ്യം ഹൃദയത്തിൽ ചേർത്ത് അതിനായി കഴിഞ്ഞ നാൽപതു വർഷങ്ങളായി പ്രവർത്തിക്കുന്ന ജീവനക്കാർ എന്റെ കൂടെയുണ്ട്. വ്യവസായത്തോടുള്ള പ്രതിബദ്ധതയും അർപ്പണ ബോധത്തോടെയുള്ള കഠിനാധ്വാനവു മാണ് ഞങ്ങളെ ഒരുമിച്ചു നിർത്തുന്നത്. 40 വർഷം മുമ്പ് വേഷ്ടി വിൽപനയുമായി തുടങ്ങിയ ഒറ്റയാൾ വ്യവസായത്തിൽ എനിക്കുണ്ടായിരുന്ന അർപ്പണബോധം നാളുകൾ കഴിയവേ പതിന്മടങ്ങ് വർദ്ധിച്ചിരിക്കുന്നു.മടുപ്പ്ഒരിക്കലും‌തോന്നിയിട്ടില്ല. ഈ വ്യവസായത്തിൽ പുതുതായി എന്ത് കൊണ്ടുവരാം എന്ന അന്വേഷണമാണ് എന്നെ മുന്നോട്ടു നടത്തുന്നത്.

ഒരു വസ്തു വിൽക്കുക മാത്രമാണ് ലക്ഷ്യമെങ്കിൽ, അന്ന് വിജയകരമായ വ്യാപാരം നടത്താം. എന്നാൽ ആ വസ്തുവിന് ഗുണ മേന്മയി ല്ലെങ്കിൽ ആ ഉപഭോക്താവ് പിന്നീട് കടയിൽ വരില്ല. മേന്മയുള്ള വസ്ത്രങ്ങളേ വിൽക്കൂ എന്ന ലക്ഷ്യത്തിൽ ഉറച്ചാണ് ഞാൻ പ്രവർത്തിച്ചത്. വാർഷിക വരുമാനം വച്ച് സ്ഥാപനത്തിന്റെ വളർച്ച അളക്കുന്നതിനു പകരം ഉപഭോക്താക്കളുടെ സംതൃപ്തി വച്ച് അത് കണക്കാക്കണം എന്നാണ് എന്റെ വിശ്വാസം. 'നെയ്ത്തുകാരുടെ ജീവിതം മെച്ചപ്പെടാനാണ് അധ്വാനിക്കുന്നത്' എന്ന ചിന്തയാണ് എന്നെ നയിച്ചത്. അതിനാൽ എന്റെ അർപ്പണബോധവും വർധിച്ചു.



The Culturepreneur

15വർഷത്തിൽ ഒരിക്കൽ തലമുറ മാറ്റം ഉണ്ടാകും എന്നാണ് പറയപ്പെടുന്നത്. അങ്ങനെ നോക്കിയാൽ ഇപ്പോൾ മൂന്നാം തലമുറയിൽ പെട്ടവരാണ് രാംരാജ് കോട്ടണിൽ പണിയെടുക്കുന്നത്. ഈ ബന്ധം തഴച്ചു വളരാൻ വേരായത് അർപ്പണബോധമാണ്. ഏതു മേഖല യിലും അർപ്പണബോധത്തോടെ പ്രവർത്തിച്ചാൽ സന്തോഷവും വളർച്ചയും ഉണ്ടാകും എന്ന് ഈ ലക്കം 'വെണ്മ' നിങ്ങളെ ബോധ്യപ്പെടുത്തും.

ഗുരുകൃപ,

സമസ്ത ഐശ്വര്യങ്ങളും ആശംസിച്ചു കൊണ്ട്,

കെ ആർ നാഗരാജൻ

സ്ഥാപകൻ, രാംരാജ് കോട്ടൺ

അർപ്പണബോധം ഉള്ളത്

മരപ്പണി ചെയ്തുവന്ന ഒരു ദരിദ്രൻ ഉണ്ടായിരുന്നു. തന്റെ കുറഞ്ഞ വരുമാനത്തിൽ അയാൾ ജീവിച്ചു പോന്നു. ഓരോ ദിവസവും പണം തികയില്ല. സമ്പാദിക്കുന്ന പണം കൊണ്ട് അയാൾക്കും ഭാര്യക്കും രണ്ടു കുട്ടികൾക്കും വയറു നിറയെ ആഹാരം കഴിക്കാൻ പോലും തികയില്ല.

ഒരു ദിവസം തെരുവിൽ നടന്നു പോകവേ അയാൾക്ക് ഒരു പുരാതന നാണയം ലഭിച്ചു. ആ നാണയത്തിന്റെ നടുവിൽ ഒരു ദ്വാരം ഉണ്ടായിരുന്നു. ‘ഇപ്പോഴുള്ള നാണയങ്ങളിൽ ദ്വാരം ഇല്ല. അങ്ങനെയുള്ള നാണയം കൈയിൽ കിട്ടുന്നത് ഭാഗ്യം’ എന്ന്അവനോട് പണ്ടൊരു സുഹൃത്തായ ജോത്സ്യൻ പറഞ്ഞിരുന്നു. ‘എന്തായാലും ഇനി എന്നെ ഭാഗ്യം തേടി വരും. ഞാൻ വലിയ പണക്കാരനാകും’എന്നയാൾ സ്വപ്നം കണ്ടു. അയാൾ ആ നാണയം തന്റെ പോക്കറ്റിൽ ഭദ്രമായി വച്ചു.

അന്ന് അയാൾക്ക് ഏറെ നേരം ജോലിയും ഭേദപ്പെട്ട വരുമാനവും ലഭിച്ചു. ‘ഈ നാണയം കിട്ടിയത് മൂലമാണ് ഈ മാറ്റം’ എന്നയാൾ കരുതി. വീട്ടിൽ എത്തിയ അയാൾ വിവരം ഭാര്യയോടു പറഞ്ഞു. ഒരു പഴയ പട്ടുതുണിയിൽ പൊതിഞ്ഞ്നാണയംഭദ്രമായിഅവർസൂക്ഷിച്ചു.അയാളുടെ പരിമിതമായ മറ്റു തൊഴിൽ ആയുധങ്ങൾക്കൊപ്പം ഇതും വീട്ടിൽ ഇരുന്നു. എല്ലാ ദിവസവും ജോലിക്ക് പോകും മുമ്പ് അയാൾ അത് തൊട്ടു നോക്കും. പക്ഷേ പുറത്തെടുക്കില്ല.

അടുത്ത ചില മാസങ്ങളിൽ അയാളുടെ വരുമാനത്തിൽ വലിയ കുതിപ്പുണ്ടായി. ഇതു വരെ കൂലി വേലക്ക് പോയിരുന്ന അയാൾ പണം കടം വാങ്ങി സ്വന്തമായി ഒരു ആല സ്ഥാപിച്ചു.അയാളുടെ അർപ്പണബോധവും ജോലിയിലെ മേന്മയും കണ്ട് വീണ്ടും വീണ്ടും ഓർഡർ എത്തി. അങ്ങനെ അയാൾ തന്റെ ഉൽപന്നങ്ങൾ വിൽക്കാൻ ഒരു കട തുടങ്ങി. വർഷങ്ങൾക്കുള്ളിൽ മറ്റു നഗരങ്ങളിലും അയാൾ കടകൾ തുറന്നു.അങ്ങനെ കാലങ്ങൾ കൊണ്ട് വൻകിട വ്യവസായ സ്ഥാപകനായി അയാൾ മാറി.

ഒരു ദിവസം കുടുംബവുമായി സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ തന്റെ ജീവിതം മാറി മറിഞ്ഞതിനെപ്പറ്റി ചർച്ച ചെയ്തു. ‘ആ ഒറ്റ നാണയം ഇത് വരെ എന്നെ വിട്ടു പോയിട്ടില്ല. അത് തന്ന ഐശ്വര്യമാണ് ഇതിനു എല്ലാം പിന്നിൽ’ അദ്ദേഹം പറഞ്ഞു. ‘വർഷങ്ങൾക്കു ശേഷം ഇന്നാണ് ഞാൻ ഇത് കാണാൻ പോകുന്നത്’ എന്ന് പറഞ്ഞു നാണയം എടുത്ത അയാൾക്ക് അതിശയമായി. അതിലിരുന്ന നാണയത്തിന് ദ്വാരമില്ല.

‘ഇതെന്തു പറ്റി?’അയാൾ ഭാര്യയോടു ചോദിച്ചു. അപ്പോൾ ഭാര്യ വിഷമത്തോടെ പറഞ്ഞു, ‘ക്ഷമിക്കണം. ആ പട്ടുതുണി അഴുക്കായിരുന്നതു കൊണ്ട് അത് കഴുകാൻ പുറത്തു എടുത്തു. അപ്പോൾ ആ നാണയം കൈയിൽ നിന്ന് വഴുതിപ്പോയി. എല്ലായിടത്തും നോക്കിയിട്ടും അത് കിട്ടിയില്ല. ഞാനാണ് ആ വലിപ്പത്തിലുള്ള ഒരു സാധാരണ നാണയം അവിടെ വച്ചത്,’ അവർ പറഞ്ഞു

‘ഇത് എപ്പോഴാണ് സംഭവിച്ചത്?’

ഇങ്ങനെ മനസ്സിലാക്കാം

'ആ നാണയം കിട്ടിയ അതേ ആഴ്ചയിൽ,' ഭാര്യ മറുപടി പറഞ്ഞു.

അയാൾ ശാന്തമായി ചിന്തിച്ചു. 'തുടക്കത്തിൽ ഇത്തിരി വരുമാനം മതി എന്ന് കരുതിയായിരുന്നു അധ്വാനിച്ചത്. അപ്പോൾ യാതൊരു അർപ്പണബോധവും ഉണ്ടായിരുന്നില്ല. എപ്പോൾ എന്റെ തൊഴിലിൽ താൽപര്യവും അർപ്പണബോധവും കാട്ടിയോ അന്ന് മുതൽക്കാണ് എന്റെ ജീവിതം മാറിമറിഞ്ഞത്. യഥാർത്ഥത്തിൽ ഭാഗ്യം കൊണ്ടു വന്നത് ആ നാണയമല്ല.എന്റെ അർപ്പണബോധവും അധ്വാനവുമാണ്.' അയാൾക്ക് യാഥാർത്ഥ്യം ബോധ്യമായി. കൂടുതൽ ഉത്സാഹത്തോടെ അയാൾ തന്റെ തൊഴിലിൽ മുഴുകി.

ഒരാൾ ചെയ്യുന്ന ജോലി, വ്യാപാരം അല്ലെങ്കിൽ വ്യവസായം എന്നിവയിൽ എങ്ങനെയാണ് അർപ്പണബോധം ഉണ്ടാകുന്നത്? ദേഷ്യം, മുൻകോപം, ശോകം, ഭയം, നിരാശ തുടങ്ങിയ നെഗറ്റീവ് ചിന്തകളിൽ നിന്ന് അതിന് രൂപപ്പെടാൻ കഴിയില്ല. പോസിറ്റീവ് ചിന്തകളാണ് അർപ്പണബോധം സൃഷ്ടിക്കുന്നത്. ഉദാഹരണത്തിന് ഒരു വ്യക്തിയെ നോക്കുക. അയാൾ രാവിലെ ഏഴു മണിക്ക് എഴുന്നേറ്റ് ട്രെയിനിൽ കയറി നഗരത്തിൽ വരുന്നു. ഒമ്പത് മണിക്ക് അവിടെ ഇറങ്ങി ബസ് പിടിച്ച് ഓഫീസിൽ എത്തുന്നു. വൈകിട്ട് ഏഴു മണിക്ക് ഓഫീസ് കഴിഞ്ഞു ട്രെയിൻ പിടിച്ച് രാത്രി പത്തു മണിക്ക് വീട്ടിൽ എത്തുന്നു. ദിവസവും ഇത് ആവർത്തിച്ച് വർഷം മുഴുവൻ തുടരുന്നു.

ഇത് അയാൾ ഏത് വികാരത്തോടെ ചെയ്യുന്നു എന്നതാണ് അയാളുടെ വളർച്ച നിർണയിക്കുന്നത്. 'എന്റെ തലയെഴുത്ത് ഇങ്ങനെ ആയി പോയി'എന്ന് വിരക്തിയോടെ കരുതി ജോലി ചെയ്യാം. 'ഈ ജോലി ഉപേക്ഷിച്ചാൽ മറ്റൊരു വഴി ഇല്ല' എന്ന് ചിന്തിച്ച് ജോലിയിൽ തുടരാം. 'കുടുംബത്തിനായി ഈ ജോലി ചെയ്തേ തീരൂ,' എന്ന ഭയത്തോടെ ജോലി ചെയ്യാം. ഇങ്ങനെ ഓരോ കാര്യങ്ങൾ നിരത്തി അയാൾക്ക് സ്വയം പരിതപിച്ചു ജോലി ചെയ്യാം. എന്നാൽ ഇതൊന്നും അയാളുടെ വളർച്ചയ്ക്ക് സഹായകമാകില്ല.

ജോലിയിൽ തികഞ്ഞ അർപ്പണബോധത്തോടെ പ്രവർത്തിച്ച മറ്റൊരാൾ ഇതേ കാര്യം മറ്റൊരു വിധത്തിൽ ചെയ്യും. ദേഷ്യപ്പെടുകയോ പുലമ്പുകയോ ചെയ്യാതെ അയാൾ എന്നും ജോലി ചെയ്യും. ജോലിക്കായി എടുക്കുന്ന യാത്രവേളയെപ്പോലും അയാൾ ഫലപ്രദമായി വിനിയോഗിക്കും. ഓരോ ജോലി ദിവസവും ഒരേപോലെ ചെയ്യാതെ അതിൽ വ്യത്യസ്തമായ വഴികൾ കൊണ്ടു വരും. അത് ഇനിയും ലളിതമായും മികവോടെയും ചെയ്യാൻ അയാൾ വഴി കണ്ടുപിടിക്കും. ഇത് അയാളെ മറ്റുള്ളവരിൽ നിന്ന് വ്യത്യാസപ്പെടുത്തി കൂടുതൽ ഉയരങ്ങളിൽ കൊണ്ടെത്തിക്കും.

ഇരുമ്പിനെ മറ്റൊരു വസ്തു കൊണ്ട് നശിപ്പിക്കാൻ കഴിയില്ല. തുരുമ്പെടുത്ത് സ്വയം നശിച്ചാലേ ഉള്ളൂ. മനുഷ്യരുടെ കാര്യവും അങ്ങനെയാണ്. നമ്മുടെ ചിന്തകൾ തുരുമ്പിച്ച് നമ്മെ സ്വയം തകർക്കാം. നാം ധീരമായി നല്ല ചിന്തകളോടെ നിലകൊണ്ടാൽ ഒന്നിനും നമ്മെ തകർക്കാനാകില്ല. അർപ്പണബോധത്തോടെ പ്രവർത്തിച്ച് നാം ഉയർന്നുയർന്നു പോകും. ●

കഥാനേരം

ഒരു രോഗി ജനാലയ്ക്കരികിൽ പുറത്തേക്ക് നോക്കി കിടക്കുകയാണ്. മുറിയിൽ അയാളുടെ അടുത്തുള്ള രോഗി കടുത്ത രോഗം മൂലം എഴുനേൽക്കാൻ പോലും ത്രാണിയില്ലാതെ കിടക്കുന്നു. ആദ്യത്തെ രോഗി അയാളോട് പലവിധ കാര്യങ്ങൾ സംസാരിക്കും. നടക്കാൻ വയ്യാത്ത രണ്ടാമത്തെ രോഗിയെ അയാൾ സംസാരിച്ച് ഉൽസാഹപ്പെടുത്തും. ജനലിനു വെളിയിൽ ഉള്ള പൂന്തോട്ടത്തെ പറ്റിയും റോഡിലെ വാഹനങ്ങളെ പറ്റിയും സ്കൂളിലേക്ക് കുതിക്കുന്ന കുട്ടികളെപറ്റിയും അയാൾ പറയും. വിരക്തിയിൽ കഴിഞ്ഞിരുന്ന രണ്ടാമത്തെ രോഗി അതെല്ലാം കേട്ട് കേട്ട് ഉത്സാഹഭരിതനായി. മെല്ലെ മെല്ലെ അയാൾ എഴുനേറ്റ് ഇരിക്കാൻ തുടങ്ങി.

ആ സമയത്ത് ജനലോരത്തു കിടന്നിരുന്ന രോഗി മരിച്ചു. രണ്ടാമത്തെ രോഗി ദുഃഖിതനായി. തന്നെ ആദ്യത്തെ കിടക്കയിലേക്ക് മാറ്റാൻ അയാൾ ആവശ്യപ്പെട്ടു. അയാളുടെ കട്ടിൽ ജനലരികിലേക്ക് മാറ്റി. ആശയോടെ അയാൾ ജനലിലൂടെ പുറം കാഴ്ചകൾ തേടി. അപ്പോഴാണ് തന്നെ ആ രോഗി പറ്റിക്കുകയായിരുന്നു എന്നയാൾക്ക് മനസ്സിലായത്. അയാൾ വർണ്ണിച്ച ഒന്നും അവിടെ ഉണ്ടായിരുന്നില്ല. ഒരു ചുവർ മാത്രമായിരുന്നു അയാൾക്ക് മുന്നിൽ ഉണ്ടായിരുന്നത്. ഇത്രനാളുകൾ ആദ്യ രോഗി നുണ പറയുകയായിരുന്നു എന്നയാൾ നഴ്സിനോട് പരിഭവം പറഞ്ഞു.

അവർ ചിരിച്ചു കൊണ്ടു പറഞ്ഞു, 'അയാൾ അന്ധനായിരുന്നു.' രോഗി ആശയക്കുഴപ്പത്തിലായി. 'പിന്നെ അയാൾ എന്തിനാണ് നുണ പറഞ്ഞത്?' നിങ്ങൾക്ക് ജീവിതത്തിൽ ആശ തോന്നാൻ, അങ്ങനെ സുഖമാകാൻ.'

രണ്ടു കണ്ണിനും കാഴ്ചയില്ലെങ്കിലും തന്റെ സുഹൃത്തിന്റെ ജീവിതത്തിൽ പ്രകാശം ചൊരിയണം എന്നയാൾ കരുതി.

ഒരാൾ വാടകവണ്ടിയിൽ നഗരപ്രാന്തത്തിലേക്ക് യാത്ര ചെയ്യുകയാണ്. മറ്റ് ടാക്സികൾ പോലെ അത് അത്ര ആകർഷണീയമല്ല. ഉള്ള് തുടച്ച് വൃത്തിയായി വച്ചിട്ടുണ്ട്. ഫ്ലോറിൽ ഷീറ്റ് ഇട്ടിട്ടുണ്ട്. തൂവെള്ള യുണിഫോമിട്ട ഡ്രൈവർ അയാളെ പുഞ്ചിരിയോടെ സ്വാഗതം ചെയ്തു. 'എവിടെ പോകണം? എത്ര മണിക്ക് തിരിച്ചു വരണം?'എന്നെല്ലാംചോദിച്ചുഡ്രൈവർഅയാളെ ദേഷ്യപ്പെടുത്തിയില്ല. അനാവശ്യമായ സംസാരം ഇല്ല. ചോദിച്ച ചോദ്യങ്ങൾക്ക് മാത്രം കൃത്യമായി മറുപടി പറയും. അതിവേഗമോ ധൃതിയിൽ ബ്രേക്ക് പിടുത്തമോ വഴിയിൽ മറ്റുള്ളവരുടെ മേൽ കുതിര കയറലോ ഇല്ല.

യാത്രക്കാരന് അതിശയമായി. 'എപ്പോഴും നിങ്ങൾ ഇങ്ങനെയാണോ പെരുമാറുന്നത്?' അല്ല സർ, മുമ്പ് ഞാനും മറ്റു ഡ്രൈവർമാരെ പോലെയായിരുന്നു, ജോലിയെ ബഹുമാനിക്കാതെ, യാത്രക്കാരെ ഗൗനിക്കാതെ. 'പിന്നെ എങ്ങനെ മാറി?' അയാൾ ചോദിച്ചു.

ഒരു ദിവസം ഒരു യാത്രക്കാരനുമായി പോകുകയായിരുന്നു അപ്പോൾ അയാൾ വഴിയിൽ നിർത്തി ഒരു പ്രഭാഷണം കേൾക്കാൻ എന്നെ വിളിച്ചു. അത് എന്നെ മാറ്റിമറിച്ചു '

'താറാവുകൾ എപ്പോഴും ഒച്ച വയ്ക്കും. തങ്ങളുടെ ജീവിതത്തെപറ്റി അവ പരാതി പറയുന്നത് പോലെ തോന്നും. എന്നാൽ കഴുകൻ ശബ്ദമുയർത്തുന്നത് ആരും കേൾക്കാറില്ല. എത്രയോ ഉയരെ തന്റെ ലക്ഷ്യ ത്തിൽ അത് ശ്രദ്ധ കേന്ദ്രീകരിക്കും. നിങ്ങൾ കഴുകനെ പോലെയാകണം,' അതാണ് അദ്ദേഹം പറഞ്ഞത്.

അന്ന് മുതൽ വെറുതെ പരാതിപ്പെടുന്നതും ശബ്ദമുയർത്തുന്നതും ഞാൻ നിർത്തി. കഴുകനെപ്പോലെ ഉയരത്തിൽ എത്താൻ ആഗ്രഹിച്ചു. അർപ്പണബോധത്തോടെ, യാത്രക്കാരോട് സ്നേഹത്തോടെ സംസാരിച്ചു. വരുമാനവും കൂടി. യാത്ര ചെയ്തവർ വീണ്ടും വിളിക്കാൻ തുടങ്ങി,' ഡ്രൈവർ പറഞ്ഞു

ഇതാണ് അനുയോജ്യമായ ജീവിതരീതി. താറാവാകണോ നിങ്ങൾ അതോ കഴുകൻ ആകണോ? നിങ്ങളാണ് തീരുമാനിക്കേണ്ടത്.

ഒരാൾക്ക് ഐസ് ക്രീമിനോടു വല്ലാത്ത കൊതിയാണ്. മാസാവസാനം പണത്തിന് ബുദ്ധിമുട്ട് ഉണ്ടെങ്കിലും വില കൂടിയ ഐസ് ക്രീം വാങ്ങി കഴിക്കാൻ അയാൾ കടയിൽ കയറി ഇരുന്നു. ഒരു സ്പൂൺ ഐസ് ക്രീം വായിൽ വയ്ക്കുമ്പോൾ തലക്ക് വല്ലാത്ത പെരുപ്പ്. ഉടനെ അയാൾ ആലോചിച്ചു തുടങ്ങി.'കഴിഞ്ഞ ദിവസം രാത്രി കഴിച്ച ഹോട്ടൽ ഭക്ഷണം വൃത്തിയുള്ളതായിരുന്നില്ല. ഒന്നും നോക്കാതെ വാരിവലിച്ചു കഴിച്ചു. ഇത് തലവേദന കൊണ്ട് തീരുമോ? അതോ വേറെന്തെങ്കിലും രോഗമായി മാറുമോ? ഒരു പക്ഷെ രോഗം ബാധിച്ചു കിടക്കേണ്ടി വരുമോ?' ഇങ്ങനെ ആലോചന നീണ്ടു പോയി.

ഇങ്ങനെ ചിന്തിക്കുന്നത് അത്ര ശുഭകരമല്ലെന്നു മനസ്സിലാക്കിയ അയാൾ ചിന്ത തിരിച്ചു വിടാൻ പുറത്തെ കാഴ്ചകൾ നോക്കി.എതിരെ ഉള്ള തുണിക്കടയിൽ വച്ചിരുന്ന ഒരു വസ്ത്രം അയാളെ വല്ലാതെ ആകർഷിച്ചു. ഒരു നിശ്വാസം അയാളിൽ നിന്നും ഉയർന്നു. 'ഈ ജന്മത്തിൽ ഇത്തരം വസ്ത്രം വാങ്ങി ധരിക്കാൻ പറ്റുമോ? കിട്ടുന്ന ശമ്പളം അവശ്യകാര്യങ്ങൾക്ക് പോലും തികയുന്നില്ല. മാസാവസാനം കടം വാങ്ങേണ്ട നിലയാണ്. ഇതൊക്കെ ജീവിതമാണോ,' അയാൾ സ്വയം ചോദിച്ചു.

ഇങ്ങനെയെല്ലാം അയാളുടെ ചിന്തകൾ പാഞ്ഞു നടക്കുമ്പോൾ കൈയിലിരുന്ന ഐസ് ക്രീം ഉരുകിത്തീർന്നു. കൊതിച്ചു വാങ്ങിയ ഐസ് ക്രീം ഒന്ന് രുചിക്കാൻ പോലും പറ്റിയില്ല.

മനുഷ്യ മനസ്സ് എപ്പോഴും കഴിഞ്ഞ കാര്യങ്ങളിലും ഇനി നടക്കാനിരിക്കുന്ന സ്വപ്നങ്ങളിലും മുഴുകിയിരിക്കും. അതിനാൽ ആനന്ദത്തോടെ കഴിയേണ്ട ഈ നിമിഷത്തെ നാം അവഗണിക്കുന്നു. നഷ്ടമായത് ഒന്നും നിങ്ങൾക്ക് തിരികെ ലഭിക്കാൻ പോകുന്നില്ല. നടക്കാനിരിക്കുന്നവ ആലോചിച്ച് മനസ്സ് പുണ്ണാക്കുന്നതിലും അർത്ഥമില്ല. ജീവിക്കുന്ന ഈ നിമിഷമാണ് പൂർണ്ണമായി നിങ്ങൾക്ക് സ്വന്തമായുള്ളത്. അത് അർത്ഥപൂർണ്ണമായി ചെലവഴിക്കുക. ●

അർപ്പണബോധം പ്രവർത്തിയിൽ കാട്ടണം

ആശയങ്ങളെ നല്ല പ്രവർത്തിയായി മാറ്റാനുള്ള നമ്മുടെ ആവേശമാണ് വിജയത്തിൽ കലാശിക്കുന്നതെന്ന് വോൾട്ടയർ പറയുന്നു. ജീവിതത്തിലെ ഓരോ അവസരത്തിലും സവിശേഷമായ ആശയങ്ങളെ ഉൾക്കൊണ്ട് അത് വളർത്തിയെടുക്കുന്നത് വിജയത്തിലേക്കുള്ള വഴിയാണ്. ഓരോരുത്തർക്കും സവിശേഷമായ കഴിവുകൾ ഉണ്ട്. അത് ശരിയായി തിരിച്ചറിഞ്ഞ് കഠിനമായി അധ്വാനിക്കുന്നവരാണ് ജീവിതത്തിൽ പ്രത്യേകമായി നേടുന്നത്. അവരെ ലോകം കൊണ്ടാടും. റോൾ മോഡൽ ആയി കാണും.

അവർ ഈ വിജയം പൊടുന്നനെ നേടിയെടുത്തതല്ല.അതിനായി ഒട്ടേറെ നേരവും പരിശീലനവും പ്രവർത്തിയും കഠിനാധ്വാനവും ചെയ്താണ് അവർ ഈ വിജയത്തിൽ എത്തുന്നത്. അവർ ഈ രംഗത്ത് അസാധാരണമായ അർപ്പണബോധം പ്രകടിപ്പിച്ചിരിക്കും. അത് അവരെ ശരാശരി മനുഷ്യരേക്കാൾ സന്തോഷത്തോടും ഉത്സാഹത്തോടും ജീവിക്കാൻ സഹായിക്കും. അർപ്പണബോധത്തോടെ അധ്വാനിക്കുന്നവരിൽ ഇനിപ്പറയുന്ന ഗുണങ്ങൾ ഉണ്ടായിരിക്കും.

- അർപ്പണ ബോധം ഉള്ളവർ രാത്രിയിൽ നന്നായി ഉറങ്ങും. ചെയ്യുന്ന പ്രവർത്തിയിൽ എപ്പോഴും പൂർണ്ണത കൈവരിക്കുന്നതിനാലാണ് അവർക്ക് അങ്ങനെ ഉറങ്ങാൻ കഴിയുന്നത്. അതിനാൽ അവർ അതിരാവിലെ ഉണരും. അങ്ങനെ മറ്റുള്ളവരെക്കാൾ അവർക്ക് ചെലവഴിക്കാൻ കൂടുതൽ സമയം ലഭിക്കും. കണ്ണ് തുറക്കുന്നതോടെ അന്നത്തെ ജോലികൾ അവർ ശ്രദ്ധയോടെ നോക്കിവയ്ക്കും. തങ്ങൾ ചെയ്യുന്ന ജോലി അത്ര തൃപ്തികരം അല്ലെങ്കിലും അത് മൂലം ഉണ്ടാകുന്ന ഭാവി നേട്ടങ്ങൾ അവരെ അതിൽ മുഴുകി മുന്നോട്ടു പോകാൻ സഹായിക്കും.

- അവരുടെ മനസ്സ് എപ്പോഴും ജോലിയെ കുറിച്ചുള്ള ചിന്തകളിൽ മുഴുകിയിരിക്കും. ആരോടും എന്തിനെപ്പറ്റി സംസാരിച്ചാലും പെട്ടെന്ന് തന്റെ ജോലിയെപ്പറ്റി സംസാരിച്ചു തുടങ്ങും. കുടുംബം, ബന്ധുക്കൾ, സുഹൃത്തുക്കൾ എന്നിവരുമായി വിനോദങ്ങളിൽ ഏർപ്പെട്ടാലും അപ്പോഴുംതന്റെ ജോലിയെപ്പറ്റിയായിരിക്കും അയാളുടെ ചിന്ത മുഴുവൻ. പലരും വിനോദങ്ങളിൽ അഭിരമിക്കുമ്പോൾ ഇവർ തങ്ങളുടെ ജോലിയിൽ മുഴുകുമ്പോഴാണ് സന്തോഷിക്കുന്നത്.

- ചിലർക്ക് പഴയ സുഹൃത്തുക്കളെ കണ്ടാൽ ആഹ്ലാദം തോന്നും, ചിലർക്ക് പ്രതീക്ഷിക്കാത്ത സമ്മാനങ്ങൾ സന്തോഷിപ്പിക്കും, ചിലർക്ക് യാത്രകൾ ആകും സന്തോഷം നൽകുന്നത്. ഇങ്ങനെ ഓരോരുത്തർക്കും സന്തോഷം നൽകുന്ന വിഷയങ്ങൾ വ്യത്യസ്തമാണ്. എന്നാൽ അർപ്പണബോധമുള്ള വ്യക്തികൾക്ക് അവരുടെ ജോലിയാണ് വലിയ സന്തോഷം നൽകുന്നത്. ആ ജോലിയിലുള്ള മുന്നേറ്റം, അത് മൂലം ജീവിതത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾ, അവർക്കു ലഭിക്കുന്ന ഉയർച്ച തുടങ്ങിയവയാണ് അവരെ ഹരം കൊള്ളിക്കുന്നത്.

- തങ്ങളുടെ ജീവിതത്തിന് അർത്ഥം നൽകുന്ന വിഷയമായി തങ്ങളുടെ ജോലിയെ അവർ കാണുന്നു. ആ ജോലിയിൽ ഉണ്ടാകുന്ന മുന്നേറ്റം വച്ചായിരിക്കും അവർ തങ്ങൾ ശരിയായ പാതയിലാണെന്ന് മനസ്സിലാക്കുന്നത്. തങ്ങളുടെ ജോലിയിൽ നിന്ന് ലഭിക്കുന്ന വിജയം അവർക്ക് മനസംതൃപ്തി നൽകും. ഭാവി പ്രതീക്ഷ വർദ്ധിക്കും.

- ഓരോരുത്തരും തങ്ങൾ ഇഷ്ടപ്പെടുന്നഒരുവിഷയത്തിനായിഒരു റിസ്ക് എടുക്കും. പ്രവർത്തികളിൽ മുഴുകുന്നവർ തങ്ങളുടെ ജോലിയിൽ അധിക റിസ്ക് എടുക്കും. തങ്ങളുടെ ജോലിക്കായി മറ്റുള്ള എല്ലാ വിഷയങ്ങളും ത്യാഗം

ചെയ്യാൻ അവർ തയാറായിരിക്കും. അതുമായി താരതമ്യം ചെയ്യുമ്പോൾ മറ്റുള്ളതൊന്നും അത്ര പ്രധാനമല്ല എന്ന് അവർക്ക് തോന്നും.

● നമ്മുടെ പാതയിൽ രണ്ടു വിഷയങ്ങളാണ് കാത്തിരിക്കുന്നത്. ഒന്ന് ചെയ്തു തീർക്കേണ്ട പ്രധാന ജോലികൾ. അത് ചെയ്താൽ നമുക്ക് മുന്നേറ്റം ലഭിക്കും. മറ്റൊന്ന് ഒഴിവാക്കേണ്ട കാര്യങ്ങൾ. ഇത് ചെയ്യുമ്പോൾ നമുക്ക് തൽക്കാല സന്തോഷം തോന്നും. പക്ഷേ നാം അതിനായി നമ്മുടെ സമയം പാഴാക്കുകയായിരിക്കും. അർപ്പണബോധമുള്ള വ്യക്തികൾ എപ്പോഴും പ്രയോജനകരമായ ജോലികൾ ചെയ്യുന്നതിലാകും ശ്രദ്ധിക്കുക. ജീവിതത്തിൽ മറ്റൊന്നും അവർക്ക് പ്രധാനമല്ല. അവ അവർ ശ്രദ്ധയോടെ ഒഴിവാക്കും.

● ഓഫീസ് ജോലിയും അതുമായി ബന്ധപ്പെട്ട ടെൻഷനുകളും വീട്ടിൽ കൊണ്ടുവരരുതെന്ന് പലരും ജ്ഞാനഭാഷണം നടത്തും. എന്നാൽ തങ്ങൾ ചെയ്യുന്ന ജോലിയിൽ അർപ്പണബോധവും താൽപര്യവും ഉള്ള വ്യക്തികൾക്ക് വീട്ടിൽ വന്നാലും വെറുതെ ഇരിക്കില്ല. അവർ വീട്ടിൽ വന്നതും ജോലി തുടരും. ആ ജോലി അവർക്ക് എല്ലാമാണ്. കാരണം അവർക്ക് അത് ജോലിയല്ല, അവരുടെ ജീവിതമാണ്.

● ചിലർക്ക് മറ്റുള്ളവരെ കാണുമ്പോൾ സംസാരിക്കാൻ നൂറു വിഷയങ്ങൾ ഉണ്ടാകും. ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാകും. എന്നാൽ തന്റെ ജോലിയിൽ മുഴുകിയിരിക്കുന്നവർക്ക് ഇങ്ങനെ സംസാരിക്കുന്നത് ഇഷ്ടമല്ല. അവർ വാർത്തകൾ വായിക്കുമ്പോഴും തങ്ങളെ ബാധിക്കുന്ന വിഷയങ്ങൾ ഉണ്ടോ എന്നാകും ആരായുന്നത്. അവരുടെ സംസാരവും ശ്രദ്ധയും തങ്ങളുടെ ജോലിയുമായി ബന്ധപ്പെട്ടതാകും.

● പലർക്കും ഓരോ പ്രവൃത്തിയിലും എന്തെങ്കിലും മാനസിക ബുദ്ധിമുട്ട് ഉണ്ടാകും. 'ഇതാണ് അതിര്, ഇത് താണ്ടി ഒന്നും ചെയ്യാൻ ഞാനില്ല' എന്നവർ നിശ്ചയിക്കും. പല കായിക താരങ്ങൾക്കും പൂർണത കൈവരിക്കാൻ കഴിയാതെ പോകുന്നത് ഇത് മൂലമാണ്.

● അർപ്പണബോധമുള്ളവർ എപ്പോഴും പോസിറ്റിവ് ആയിട്ടായിരിക്കും ഭാവിയെപ്പറ്റി ചിന്തിക്കുക. ഇപ്പോൾ ഏതു സാഹചര്യത്തിൽ ആണെങ്കിലും 'അടുത്തത് എന്താണ്' എന്ന ശ്രദ്ധ എപ്പോഴും അവർക്ക് ഉണ്ടാകും. അത് സാധിക്കാനുള്ള പദ്ധതികൾ മനസ്സിൽ എപ്പോഴും ഉണ്ടാകും. അതിനാൽ അപ്രതീക്ഷിതമായ പ്രതിസന്ധികളിൽ അവർ ചെന്ന് വീഴില്ല. ●

ജെഫ് ബെസോസ്

പുതുതായി ഇ-കൊമേഴ്സ് രംഗത്ത് ഇറങ്ങി, ലോകമെങ്ങുമുള്ള വീടുകളിൽ സാധനങ്ങൾ വിതരണം നടത്തുന്ന ആമസോൺ എന്ന സ്ഥാപനം സ്ഥാപിച്ച വ്യക്തിയാണ് ജെഫ് ബെസോസ്. അർപ്പണ ബോധത്തോടെ പ്രവൃത്തി ചെയ്ത് വിജയിക്കാനുള്ള 10 രഹസ്യങ്ങൾ അദ്ദേഹം വെളിപ്പെടുത്തുന്നു.

1. ഏതു സാഹചര്യത്തിലും ഒരു മടിയും കൂടാതെ ധീരമായ നടപടികൾ കൈക്കൊള്ളുക

2. ജയിക്കണം എന്ന വികാരം എപ്പോഴും നിങ്ങളുടെ ഉള്ളിൽ ഉണ്ടാകണം. അതിനായി പരമാവധി വേഗത്തിൽ ചുറുചുറുക്കോടെ പ്രവർത്തിക്കുക

3. ഏതു മേഖലയിൽ ആണെങ്കിലും അതിൽ നിങ്ങൾക്ക് ചുറ്റുമുള്ളവരുടെ ബഹുമാനം സമ്പാദിക്കുക.

4. തളർച്ചയും ഭീതിയും വിജയികളുടെ മുഖമുദ്രയല്ല. എപ്പോഴും പ്രവർത്തന നിരതരാകുക.

5. ജോലിയിൽ ദീർഘനേരം മുഴുകി, ജീവിതത്തിന്റെ മാധുര്യങ്ങൾ നഷ്ടപ്പെടുത്തരുത്. പിന്നീട് ജോലി ചെയ്യാനുള്ള ഉത്സാഹം നഷ്ടപ്പെടും.

6.ആശയങ്ങൾ കൊണ്ടു മാത്രം നിങ്ങൾ എവിടെയും എത്തില്ല. ആശയങ്ങളെ പ്രവർത്തിയായി മാറ്റണം

7.നിങ്ങളുടെ മേഖലയിൽ ഉള്ള ആരെയെങ്കിലും റോൾ മോഡൽ ആയി കാണണം. അയാളെപ്പോലെ ആകണമെന്ന അദമ്യമായ മോഹം ഉണ്ടാകണം.

8. നിങ്ങളുടെ ജോലിയോ വ്യവസായമോ എന്തായാലും അതിൽ നിങ്ങൾക്ക് ഇഷ്ടമുണ്ടാകണം.

9. ഒരു പണിയും ആർക്കും തനിയെ ചെയ്യാനാവില്ല. നിങ്ങളുടെ ടീമുമായി യോജിച്ചു പ്രവർത്തിക്കണം.

10. നീണ്ട കാലത്തേക്കുള്ള പദ്ധതിയാകണം നിങ്ങൾ തയാറാക്കേണ്ടത്.

ജാക്ക് മാ

ചൈനയിലെ പ്രശസ്തനായ വ്യവസായിയാണ് ജാക്ക് മാ. അർപ്പണ ബോധത്തോടെ പ്രവർത്തിച്ചു വിജയിക്കാൻ അദ്ദേഹത്തിന്റെ പത്ത് ഉപദേശങ്ങൾ.

1. എല്ലാ അബദ്ധങ്ങളും ചെയ്ത് പാഠം പഠിക്കാൻ സമയമില്ല. മറ്റുള്ളവരുടെ അബദ്ധങ്ങളിൽ നിന്ന് പാഠം പഠിക്കണം.

2.ഏതു ചെയ്താലും കണക്കുകൂട്ടലോടെ ചെയ്യുക. അത് കണക്കുകൂട്ടൽ അനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നത് എളുപ്പമാകും.

3. എല്ലാം മടി കൂടാതെ ചെയ്യുന്ന പ്രഥമ വ്യക്തിയാകണം നിങ്ങൾ.

4. ഭാവിയെപ്പറ്റി ഇപ്പോഴേ പ്ലാൻ ചെയ്യുക. ധൃതഗതിയിൽ മാറിമറിയുന്ന ഈ ലോകത്തിൽ ഏതും ഫലിക്കാതെ പോകാം.

5 കിടമത്സരം നടത്തുന്നവരോട് ബഹുമാനം കാട്ടുക. അപ്പോൾ അവരെ ജയിക്കാനുള്ള വഴി തെളിയും.

6.ഏതു വെല്ലുവിളിയും നിങ്ങളുടെ പുതിയ അവസരമായി കണക്കാക്കണം.

7.ആരും നിങ്ങളെ വിശ്വസിച്ചില്ലെങ്കിലും നിങ്ങൾ നിങ്ങളെ വിശ്വസിക്കണം.

8. എപ്പോഴും നിങ്ങളെ ചുറ്റി നല്ല വ്യക്തികളും വസ്തുക്കളും മഹത്തായ ലക്ഷ്യങ്ങളും ഉണ്ടാകണം.

9. ആരോഗ്യം പ്രധാനമാണ്. ഏതെല്ലാം ജോലികൾ ഉണ്ടെങ്കിലും നിങ്ങളുടെ ആരോഗ്യത്തെ അവഗണിക്കരുത്.

10. ജോലിക്കിടയിൽ റിലാക്സ് ചെയ്യണം. വിനോദങ്ങളും സുഹൃത്തുക്കളും അവശ്യം.

ഇലോൻ മസ്ക്

അർപ്പണ ബോധത്തോടെ അധ്വാനിച്ചാൽ നിങ്ങൾ ഏതു തുറയിൽ ഇരുന്നാലും വിജയിക്കാം എന്ന് ഇലോൻ മസ്ക് പറയുന്നു. അതിന് അദ്ദേഹം മുന്നോട്ടു വയ്ക്കുന്ന 10 ഫോർമുലകൾ.

1. തോൽവികളിൽ തകർന്നു പോകരുത്. പുതിയ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ തോൽവികൾ സാധാരണമാണ്. ഒന്നും ചെയ്യാത്തവർ ഒരിക്കലും പരാജയപ്പെടില്ല

2..ഇപ്പോൾചെയ്യുന്നകാര്യംഇതിലുംമനോഹരമായി എങ്ങനെ ചെയ്യാനാകും എന്ന് എപ്പോഴും ചിന്തിക്കണം.

3.വലിയ സ്വപ്നങ്ങൾ കാണുന്നവരാണ് വലിയ കാര്യങ്ങൾ ചെയ്യുന്നവർ.

4.എനിക്ക് ഇത് മാത്രമേ സാധിക്കൂ എന്ന് നിങ്ങൾ സ്വയംവിലയിരുത്തരുത്.നിങ്ങൾകരുതുന്നതിനെക്കാൾ മുന്നോട്ടു പോകാനും പ്രവർത്തിക്കാനും കഴിയും.

5.ഒരു കാര്യത്തിൽ മുറുകെ പിടിച്ചാൽ നിങ്ങൾക്ക് അതിൽ വിജയിക്കാനാകും.

6.പുതിയ സ്ഥലങ്ങളോ പുതിയ പ്രതിസന്ധികളോ കണ്ട് നിങ്ങൾ ഭയപ്പെടേണ്ട കാര്യമില്ല. അവിടെയാണ് പുതിയ അവസരങ്ങൾ.

7.നിങ്ങൾക്ക് ഏതു രംഗത്താണ് താൽപര്യവും കഴിവും അവിടെ നിങ്ങൾ പ്രവർത്തിക്കുക.

8.ആരോടും നീണ്ട കാലം ദേഷ്യം പുലർത്തരുത്. പ്രതികാരദാഹം നിങ്ങളെ തകർത്തു കളയും.

9.അസാധാരണ കാര്യങ്ങൾ ചെയ്യാൻ ശേഷിയുള്ള വരാണ് സാധാരണ മനുഷ്യർ. നിങ്ങളെയോ മറ്റുള്ളവരെയോ ചെറുതായി കാണരുത്.

10.പ്രോത്സാഹിപ്പിക്കാൻ ആരും ഇല്ലെങ്കിലും, നിങ്ങളെ നിങ്ങൾ പ്രോത്സാഹിപ്പിക്കണം.

സ്റ്റീവ് ജോബ്സ്

ജോലി, വ്യാപാരം, വ്യവസായം തുടങ്ങി വിവിധ തുറകളിൽ അർപ്പണബോധത്തോടെ പ്രവർത്തിച്ച് വിജയം കൈവരിക്കാൻ ആപ്പിൾ മുൻ സി ഇ ഒ സ്റ്റീവ് ജോബ്സ് നൽകുന്ന 10 കൽപനകൾ



1 ശരാശരി ജീവിതത്തിൽ തൃപ്തിപ്പെടരുത്.

2.ഏതു മേഖലയോടും അമിതമായ പ്രണയമുണ്ടാകണം

3. നിങ്ങളുടെ തനത് കഴിവ് പരമാവധി ഉപയോഗിക്കുക

4. നിങ്ങൾക്ക് സഹായം വേണമെങ്കിൽ അനുയോജ്യരായ വ്യക്തികളുടെ പക്കൽ നിന്നും മടി കൂടാതെ സ്വീകരിക്കണം

5. ഏതു പ്രവർത്തിയും ഇഷ്ടത്തോടെ ചെയ്യുക

6. നിങ്ങൾ ചെയ്യുന്ന ജോലിയിൽ അഭിമാനം ഉണ്ടാകണം

7.നിങ്ങൾ ഒരു ഉൽപന്നം നിർമിച്ചാൽ അത് മേന്മ ഉള്ളതാകണം. ജോലി ചെയ്താൽ ഏറ്റവും നല്ല രീതിയിൽ വേണം അത് നിർവഹിക്കാൻ.

8. ഉപഭോക്താക്കളുടെയും ജീവനക്കാരുടെയും സ്നേഹം നേടണം

9.നിങ്ങൾ നിർമ്മിക്കുന്ന വസ്തു മികച്ചതാണ് എങ്കിൽ അതിന്റെ മഹത്വം ആദരവ് നൽകും

10.വിശന്നിരിക്കൂ, ഒന്നും അറിയില്ലെന്നതു പോലെ ഇരിക്കൂ. എല്ലാം തനിയേ വന്നു ചേരും. •

‘അർപ്പണബോധം കാണിക്കാത്ത ഒരു പദ്ധതിയും വിജയിക്കില്ല. തികഞ്ഞ അർപ്പണബോധത്തോടെ ചെയ്യുന്ന ഒരു കൃത്യത്തിൽ തോൽവി ഉണ്ടാകില്ല,’ മുൻ രാഷ്ട്രപതി എ പി ജെ അബ്ദുൽ കലാമിന്റെ വാക്കുകളാണ് ഇത്.

അർപ്പണബോധം എത്രമാത്രം അവശ്യമാണ്? ഈ കഥ കേൾക്കുക. ഒരു രാജാവ് തന്റെ അരമനയിൽ ഒരു കോഴിയുടെ ചിത്രം വയ്ക്കണമെന്ന് ആഗ്രഹിച്ചു. ലോകത്ത് മറ്റൊരിടത്തും ഇല്ലാത്ത മികച്ച ചിത്രമാകണം അതെന്നും അദ്ദേഹത്തിന് ആഗ്രഹമുണ്ട്. ആ നാട്ടിലെ എത്രയോ പ്രമുഖ ചിത്രകാരന്മാർ കോഴിയുടെ ചിത്രങ്ങളുമായി അദ്ദേഹത്തെ കാണാൻ എത്തി. പക്ഷേ ഒരു ചിത്രവും അദ്ദേഹത്തിന് ഇഷ്ടപ്പെട്ടില്ല.

അർപ്പണബോധമാണ് വിജയത്തിന്റെ ഏക രഹസ്യം

‘മറ്റു രാജ്യങ്ങളിൽ നിന്നുള്ള ചിത്രകാരന്മാർ വരച്ച കോഴിയുടെ ചിത്രങ്ങളും പരിഗണിക്കും’ എന്ന് രാജാവ് എല്ലാവരെയും അറിയിച്ചു. പലരാജ്യങ്ങളിൽ നിന്നും വന്ന ചിത്രങ്ങൾ രാജാവിന്റെ പരിഗണനയ്ക്ക് കൊണ്ടു വന്നു. നൂറുകണക്കിന് ചിത്രങ്ങൾ കണ്ടതും അദ്ദേഹം ആശയക്കുഴപ്പത്തിലായി. തന്നെ ചിത്രം വരയ്ക്കാൻ പഠിപ്പിച്ച അധ്യാപകനെ ചിത്രങ്ങളിൽ നിന്ന് ഒന്ന് തെരഞ്ഞെടുക്കാൻ നിയോഗിച്ചു.

ആ ചിത്രങ്ങൾ കണ്ട ആ ആചാര്യൻ ‘ഇതിൽ ഒരു ചിത്രവും നന്നല്ല’ എന്ന് വിധിയെഴുതി. ചിത്രങ്ങളുമായി പുറം നാടുകളിൽ നിന്നു വന്ന ചിത്രകാരന്മാരിൽ ചിലർക്ക് കടുത്ത ദേഷ്യമായി. ‘എന്ത് കൊണ്ടാണ് ഇങ്ങനെ പറയുന്നത്?’ അവർ ചോദ്യം ചെയ്തു.

അപ്പോൾ ആചാര്യൻ വളരെ ശാന്തമായി അവരോടു പറഞ്ഞു, ‘ഈ ചിത്രങ്ങൾ ഒരു മുറിയിൽ വച്ച് അവിടെ അങ്കക്കോഴികളെ അഴിച്ചു വിടും. പൊതുവേ അങ്കക്കോഴിക്ക് മറ്റൊരു കോഴിയെ കണ്ടാൽ അതിനെ ആക്രമിക്കാൻ തോന്നും. അങ്ങനെ ഏതെങ്കിലും ചിത്രം കണ്ട് അങ്കക്കോഴി അതിനെ ആക്രമിക്കാൻ തുനിഞ്ഞാൽ ആ ചിത്രം മികച്ച ചിത്രമായി തെരഞ്ഞെടുക്കും.’

രാജാവും ഇത് സമ്മതിച്ചു. ചിത്രങ്ങൾ അരമനയിലെ വലിയ ഹാളിൽ പ്രദർശിപ്പിച്ചു. രാജാവ് അവിടെ ധാരാളം അങ്കക്കോഴികളെ കൊണ്ടുവന്നു വിടാൻ കൽപിച്ചു. അവയൊന്നും ഒരു ചിത്രവും ഗൗനിക്കാതെ തിരികെ പോയി.

ചിത്രകാരന്മാരിൽ പലരും ആചാര്യനെ വെല്ലുവിളിച്ചു. ‘എന്തു കൊണ്ട് ഞങ്ങളുടെ ചിത്രം നിരാകരിക്കപ്പെട്ടു? അങ്കക്കോഴികളെ കൊണ്ട് ആക്രമിക്കാൻ പര്യാപ്തമായ ഒരു കോഴിയെ എന്ത് കൊണ്ടു നിങ്ങൾക്ക് വരച്ചു കൂടാ?’ എന്നൊക്കെ ചോദ്യമായി. ഇത് തന്റെ നാടിനോട് നടത്തുന്ന വെല്ലുവിളിയാണെന്ന് രാജാവിന് ബോധ്യമായി. അദ്ദേഹം ആചാര്യനോട് അത്തരം ഒരു ചിത്രം വരയ്ക്കാൻ ആവശ്യപ്പെട്ടു.

‘ശരി ഞാൻ വരയ്ക്കാം. എനിക്ക് ആറുമാസം സമയം തരണം,’ അദ്ദേഹം പറഞ്ഞു. ‘ആറു മാസങ്ങൾക്ക് ശേഷം ഇതേ ഹാളിൽ ഈ മത്സരം നടക്കും’ എന്ന് രാജാവ് ഉത്തരവിട്ടു.

ആറു മാസങ്ങൾക്കു ശേഷം അതേ ഹാളിൽ

ചിത്രകാരന്മാർ തടിച്ചു കൂടി. ചിത്രകല അധ്യാപകനും അവിടെ വന്നു. എന്നാൽ അദ്ദേഹം തന്റെ കൈയിൽ ഒരു ചിത്രവും കൊണ്ടു വരികയുണ്ടായില്ല. രാജാവ് അയാളെ അതിശയത്തോടെ നോക്കി. അപ്പോൾ 'ഉടനെ ഇവിടെ ഒരു ചിത്രം വരയ്ക്കാം' എന്ന് ആചാര്യൻ പറഞ്ഞു. അദ്ദേഹം ബ്രഷ് എടുത്ത് ചായം ചാലിച്ചു ഒരു ചിത്രം തീർത്തു. അതും ആ ഹാളിൽ പ്രദർശിപ്പിക്കപ്പെട്ടു. തുടർന്നു ആ ഹാളിലേക്ക് അങ്കക്കോഴികളെ അയച്ചു. ആചാര്യന്റെ ചിത്രത്തിൽ ഉള്ളത് യഥാർത്ഥ കോഴിയാണെന്ന് കരുതി അങ്കക്കോഴികൾ ആക്രമിക്കാൻ നോക്കി.

എല്ലാ നാട്ടിൽ നിന്നുള്ള ചിത്രകാരന്മാരും ആ അചാര്യനോടു ക്ഷമ ചോദിച്ചു. രാജാവിനും വലിയ സന്തോഷം. അദ്ദേഹം 'എങ്ങനെയാണ് താങ്കൾ ഇത്തരം ഒരു ചിത്രം വരയ്ക്കാൻ ഇടയായത്' എന്ന് ആരാഞ്ഞു. 'എന്തിനാണ് ഇതിനു ആറു മാസം വേണ്ടി വന്നത്? ആ സമയം ഒന്നും വരയ്ക്കാതെ ഇവിടെ വന്നാണല്ലോ താങ്കൾ ചിത്രം വരച്ചത്? ഇത് ആറു മാസങ്ങൾക്ക് മുമ്പ് ചെയ്തു കൂടായിരുന്നോ,' രാജാവ് ചോദിച്ചു.

'രാജൻ, കഴിഞ്ഞ ആറു മാസങ്ങൾ ഞാൻ അങ്കക്കോഴികളുടെ കൂടെയായിരുന്നു. അവ എങ്ങനെ നടക്കുന്നു, പെരുമാറുന്നു എന്നെല്ലാം ഞാൻ പഠിച്ചു. അവയോടൊപ്പം ഞാൻ നടന്നു, ഉറങ്ങി, കാട്ടിലും മേട്ടിലും പോയി. ഞാനും ഒരു അങ്കക്കോഴിയായി മാറി. അതിനു ശേഷമാണ് ഞാൻ ആ ചിത്രം വരച്ചത്,' അദ്ദേഹം പറഞ്ഞു.

വിജയത്തിന്റെ മഹാരഹസ്യം ഇങ്ങനെ നിരന്തരമായുള്ള നമ്മുടെ അർപ്പണബോധമാണ്. ജോലി, വ്യാപാരം വ്യവസായം, പഠനം തുടങ്ങി ഏതു മേഖലയിൽ ആയാലും ആ മേഖലയിൽ നാം ഇഴുകിച്ചേർന്ന് ജീവിക്കണം.

നിങ്ങൾ ആത്മീയ കാര്യങ്ങളിൽ തൽപരനാണെങ്കിൽ ഇതു ഒരു പ്രാർത്ഥനയായി കരുതാം. പ്രാർത്ഥിക്കുമ്പോൾ പലരും ഈശ്വരനുമായി താദാത്മ്യം പ്രാപിക്കുന്നു. മറ്റുള്ള കാര്യങ്ങളിൽ ശ്രദ്ധിച്ച് ചുണ്ടനക്കുന്നത് പ്രാർത്ഥന അല്ല. പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ബുദ്ധിയും മനസ്സും ഈശ്വരനിൽ ഒന്ന് ചേരുന്നു. നമ്മുടെ മുന്നിലുള്ള കാര്യവുമായി നാം താദാത്മ്യം പ്രാപിക്കണം.

ഒരു പ്രവർത്തിയിൽ അർപ്പണബോധത്തോടെ മുഴുകുമ്പോൾ അതിന്റെ എല്ലാ നല്ല അംശങ്ങളും നിങ്ങൾ സ്വാംശീകരിക്കുന്നു. അത് നിങ്ങളെ ആത്മവിശ്വാസത്തോടെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കും ആത്മവിശ്വാസം കഠിനാധ്വാനത്തിന് പ്രേരിപ്പിക്കും. ഇവ ഒന്ന് ചേരുമ്പോൾ നിങ്ങളുടെ വിജയം ആർക്കും തടുക്കാനാകില്ല. •

അർപ്പണബോധം ഉണ്ടാക്കുന്ന ആഗ്രഹം

സ്വന്തമായി ഒരു വീട് നിർമ്മിക്കുക എന്നത് എല്ലാവരുടെയും വലിയ സ്വപ്നമാണ്. അതിൽ എന്തൊക്കെ വേണം എന്നെല്ലാം നാം വർഷങ്ങളായി ആലോചിച്ചു തീരുമാനിച്ചിരിക്കും. മറ്റെല്ലാം മറന്ന് ഈ വീടിനെപ്പറ്റി മാത്രം ആലോചിച്ചായിരിക്കും നിങ്ങൾ ഇതുവരെ വന്നിട്ടുണ്ടാകുക. അവസാനം ഒരു ദിവസം നിങ്ങളുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാകും വീട് കെട്ടി നിങ്ങളുടെ ആഗ്രഹം പൂർത്തികരിച്ച് നിങ്ങൾ അതിൽ താമസിച്ചു തുടങ്ങും. അപ്പോൾ നിങ്ങൾക്കുണ്ടാകുന്ന സന്തോഷവും സംതൃപ്തിയും അപരിമേയമായിരിക്കും. അർപ്പണബോധത്തോടെ എന്ത് പ്രവൃത്തി ചെയ്താലും നിങ്ങൾക്ക് ഇതേ മനനിറവ് ലഭിക്കും.

പുതിയവീട്ടിൽതാമസംതുടങ്ങുമ്പോൾനിങ്ങൾക്കുണ്ടാകുന്നമനനിറവ്ക്രമേണൈഇല്ലാതാകും.അതിലും വലിയ ഒരു ആഗ്രഹമാണ് ഇപ്പോൾ നിങ്ങൾക്കുള്ളത് എന്നതാണ് അതിനു കാരണം. അടുത്തടുത്ത് ഇങ്ങനെ ലക്ഷ്യം മാറുമ്പോൾ നമ്മുടെ ജീവിതത്തിൽ വലിയ വളർച്ച ഉണ്ടാകുന്നു.



അർപ്പണബോധവും അലസതയും

ലോകപ്രശസ്ത ശാസ്ത്രജ്ഞനായ ആൽബർട്ട് ഐൻസ്റ്റീനോട് ഒരാൾ ഒരു ചോദ്യം ചോദിച്ചു. 'താങ്കളുടെ മഹത്തായ കണ്ടുപിടുത്തം ആപേക്ഷികാസിദ്ധാന്തം ആണ്. ഇത് താങ്കൾ കണ്ടുപിടിച്ചിരുന്നില്ലെങ്കിൽ ഈ ലോകത്തിന്റെ ഗതി എന്താകുമായിരുന്നു?' ഐൻസ്റ്റീൻ ചിരിച്ചു കൊണ്ടു മറുപടി പറഞ്ഞു, 'വലിയ മാറ്റം ഒന്നും ഉണ്ടാകാൻ പോകുന്നില്ല. അടുത്ത ചില വാരങ്ങളിൽ മറ്റൊരാൾ അത് കണ്ടുപിടിക്കുമായിരുന്നു.'

ഇതാണ് സത്യം. ആ സമയത്ത് പല രാജ്യങ്ങളിൽ അതേപ്പറ്റി ഗവേഷണം നടത്തി വന്നിരുന്നു. അവ പല ഘട്ടങ്ങളിൽ ആയിരുന്നു. ആരാണ് ആദ്യം കണ്ടു പിടിക്കുന്നത് എന്നതായിരുന്നു പ്രധാന ചോദ്യം. ജർമ്മനിയിലെ ഒരു ശാസ്ത്രജ്ഞനും ആപേക്ഷികാ സിദ്ധാന്തത്തിലെ പല ഘടകങ്ങൾ കണ്ടുപിടിച്ചിരുന്നു. എന്നാൽ അത് പ്രബന്ധമായി അവതരിപ്പിക്കുന്നതിൽ താമസം നേരിട്ടു.അദ്ദേഹം അലസൻ ആയിരുന്നതിനാൽ ആ പ്രശസ്തി ഐൻസ്റ്റീനു ലഭിച്ചു. അദ്ദേഹത്തിന്റെ ഗവേഷണത്തെ മനസ്സിൽ കണ്ടാണ് അടുത്ത ചില വാരങ്ങളിൽ എന്ന് ഐൻസ്റ്റീൻ പറഞ്ഞതത്രെ.

നിങ്ങൾ അർപ്പണബോധത്തോടെ മുഴുകിയിരിക്കുന്ന ഒരു പ്രവർത്തിയെ അലസത ബാധിക്കാതെ നോക്കണം.

വിരസതയെ തുടച്ചു മാറ്റുന്ന അർപ്പണബോധം

രാവിലെ തിരക്കിൽ യാത്ര ചെയ്ത്, അതു തന്നെ ദിവസവും ചെയ്ത്, വീട്ടിലെത്ത അൽപ നേരം ടിവി കണ്ട്, ശേഷം ഭക്ഷണം കഴിച്ച് ഉറക്കം. വീണ്ടും പിറ്റേന്ന് ഓഫീസ്. ചില സമയത്ത് 'എന്ത് ജീവിതം' എന്ന് വിരസത തോന്നി ജീവിതം സങ്കീർണമാകാൻ ഇത് മതി.

വെറുപ്പ് ഇല്ലാതാക്കാൻ എന്ത് ചെയ്യണം എന്ന് പലർക്കും അറിയില്ല. 'ഇഷ്ട ജോലി വീണ്ടും ചെയ്യുമ്പോൾ വെറുപ്പ് വരുന്ന'തിനാൽ പുതിയതായി എന്തെങ്കിലും ചെയ്യാൻ തോന്നും. എന്നാൽ നിങ്ങൾ ചെയ്യുന്ന പ്രവർത്തിയിൽ അർപ്പണ ബോധം ഉണ്ടെങ്കിൽ വെറുപ്പ് വരില്ല. ഒരേ ജോലി ആവർത്തിച്ചാലും അത് ഓരോ ദിവസവും പുതിയ അനുഭവങ്ങൾ നൽകും.

വഴിമാറുന്ന സ്വപ്നങ്ങൾ

ഒരു കാര്യം ചെയ്യുമ്പോൾ വഴിമാറി പോകുന്നത് സ്വാഭാവികമാണ്. ഇഷ്ടത്തോടു നടന്നുവന്നവഴികളിൽനിന്നുമാറിനടക്കുകയും പരിചിതമായ വഴികളിൽ വഴി തെറ്റുകയും ചെയ്താൽ പരിഭ്രമിക്കേണ്ട. 'തെറ്റിപ്പോയി' എന്ന് പറഞ്ഞ് വിഷമിക്കുന്നതിന് പകരം ശരിയായ വഴിയിലേക്ക് പോകുന്നതാണ് പ്രധാനം.

എന്തുകൊണ്ടാണ് വഴി മാറിപ്പോകുമ്പോൾ നാം പരിഭ്രമിക്കുന്നത്? ലക്ഷ്യം തെറ്റിയെന്ന ഭീതിയാണ് അതിനു കാരണം. നിങ്ങളുടെ ലക്ഷ്യത്തിൽ, സ്വപ്നങ്ങളിൽ നിങ്ങൾ ശ്രദ്ധ പുലർത്തുക. അർപ്പണബോധത്തോടെ അത് കൈവരിക്കാൻ യത്നിക്കുക. നിങ്ങളുടെ സ്വപ്നം യാഥാർത്ഥ്യമാകും.

മറക്കുന്നതും അർപ്പണബോധം തന്നെ

ഒരു കാര്യം തികഞ്ഞ അർപ്പണബോധത്തോടെ ചെയ്യണമെങ്കിൽ മറ്റുള്ള കാര്യങ്ങൾ നിങ്ങൾ മറക്കണം. കുട്ടികൾ പഠിക്കുമ്പോൾ അവധിക്കാലത്തെ ക്രിക്കറ്റ് കളിയെ കുറിച്ചോ എപ്പോഴോ കണ്ട കാർട്ടൂൺ സ്ട്രിപ്പിനെ പറ്റിയോ ആലോചിക്കരുത്. അങ്ങനെ ചെയ്താൽ പഠിക്കാൻ കഴിയില്ല. ഒരു യന്ത്രം പോലെ പാഠങ്ങൾ പഠിച്ചാൽ പഠിച്ചത് തലയിൽ കയറില്ല.

ഒരു ശാസ്ത്രജ്ഞൻ വലിയ ഒരു കണ്ടുപിടുത്തം നടത്താൻ ശ്രമിക്കുമ്പോൾ പുറമെയുള്ള എല്ലാം മറന്നു പോകുന്നു. പുറത്തു മഴ പെയ്യുന്നതും വെയിൽ അടിക്കുന്നതും അയാളെ ബാധിക്കില്ല. ആ പദ്ധതിയുമായി ബന്ധപ്പെട്ട് പലയിടങ്ങളിൽ പല ഗവേഷണങ്ങൾ നടക്കുന്നുണ്ടാകും അതും അയാൾ ഗൗനിക്കില്ല. തന്റെ ജോലിയിൽ മാത്രമായിരിക്കും അയാളുടെ ശ്രദ്ധ. ഇങ്ങനെ അർപ്പണബോധത്തോടെ പ്രവർത്തിക്കുന്നവരേ തങ്ങളുടെ ലക്ഷ്യത്തിൽ എത്തുകയുള്ളൂ.

നിങ്ങളുടെ ദൈനംദിന ജിവിതത്തിൽ നിങ്ങൾ ഇങ്ങനെ പലതും മറക്കുകയും ഓർക്കുകയും ചെയ്യും. ഓരോ അവസരത്തിലും ചിലത് വിസ്മരിക്കപ്പെടുന്നു. മറ്റു ചില വിഷയങ്ങൾ നിങ്ങളെ തേടിയെത്തുന്നു. ഓഫീസിൽ ജോലി തുടങ്ങുന്നതോടെ വീട്ടിലെ കാര്യങ്ങൾ മറക്കുന്നു. ജീവിതത്തിൽ ഒരു കാര്യം മറക്കുമ്പോഴാണ് മറ്റൊന്നിൽ മുഴുകാൻ നമുക്ക് കഴിയുന്നത്. ●

RAMRAJ

വെണ്മ

പുതിയ കാഴ്ചകൾ

വോള്യം 7 ലക്കം 11

ജൂലൈ 2025

ഓണററി എഡിറ്റർ

കെ ആർ നാഗരാജൻ

പത്രാധിപർ

ടി ജെ ജ്ഞാനവേൽ

എക്സിക്യൂട്ടീവ് എഡിറ്റർ

സെബാസ്റ്റ്യൻ ജോസഫ്

അസിസ്റ്റന്റ് എഡിറ്റർ

വേണുഗോപാൽ എസ്

പ്രൊഡക്ഷനും ഡിസൈനും
തരു മീഡിയ പ്രൈവറ്റ് ലിമിറ്റഡ്
A2 ഗ്രൗണ്ട് ഫ്ലോർ, നം.110 ട്രിനിറ്റി കോംപ്ലക്സ്, 4th അവന്യൂ, അശോക് നഗർ, ചെന്നൈ - 600 083
മൊബൈൽ - 9952920801

ഈ മാസികയുടെ ഒരു ഭാഗവും രേഖാപൂർവമുള്ള മുൻകൂർ അനുമതിയില്ലാതെ ഇലക്ട്രോണിക് മാധ്യമങ്ങൾ അടക്കം പുനപ്രസിദ്ധീകരിക്കുന്നത് പകർപ്പവകാശ നിയമനുസരിച്ച് നിരോധിക്കപ്പെട്ടിരിക്കുന്നു.

Published by
K.R. NAGARAJAN,
Published from
10, Sengunthapuram
Mangalam Road, TIRUPUR–641 604.
Email: venmaii@ramrajcotton.net

നിങ്ങൾ എന്താണെന്ന് സ്വയം തീരുമാനിക്കണം

നമ്മൾ എന്താണെന്ന് നാം എപ്പോഴും സ്വയം ചോദിക്കേണ്ടതുണ്ട്. അത് നീ തന്നെയാണെന്ന് ഉപനിഷത്തുക്കൾ പറയുന്നു. ജീവിതത്തിലേക്കുള്ള വരവ് യാദൃച്ഛികമാണ്. എങ്കിലും ആ ജീവിതത്തിന് അലകും പിടിയും നൽകുന്നത് നമ്മുടെ ചിന്തകളും പ്രവർത്തികളും ആണ്. ജീവിക്കാനുള്ള ത്വരയും ഉയർന്നു പോകാനുള്ള ആഗ്രഹവും അത് സഫലീകരിക്കാനുള്ള നമ്മുടെ അദമ്യമായ വാഞ്ജയുമാണ് നമ്മെ മുന്നോട്ടു നയിക്കുന്നത്. ഒരു ജന്മത്തിൽ നാം എത്തിച്ചേർന്നിരിക്കുന്ന സാഹചര്യത്തിൽ നിന്ന് നമുക്ക് അനുയോജ്യമായ ജീവിതം കെട്ടിപ്പടുക്കുമ്പോഴേ നമ്മുടെ ജീവിതം സാർത്ഥകമാകൂ. അങ്ങനെ ജീവിതം സാർത്ഥകമാകണമെങ്കിൽ കർമ്മഫലത്തിന് കാത്തിരുന്നത് കൊണ്ടായില്ല. നമ്മുടെ കഴിവുകൾ തിരിച്ചറിഞ്ഞ് മേന്മകൾ ഉപയോഗപ്പെടുത്തി വേണ്ട വിധത്തിൽ ചിന്തിച്ച് ഒരു ലക്ഷ്യം കണ്ടെത്തുമ്പോഴാണ് ജീവിതത്തിൽ നിറവുണ്ടാകുന്നത്. ലക്ഷ്യം കണ്ടെത്തിയത് കൊണ്ടു മാത്രമായില്ല. അത് നിറവേറ്റാനുള്ള അദമ്യമായ ആഗ്രഹവും കഠിനമായ അധ്വാനവും ഉണ്ടാകണം. അങ്ങനെ ശക്തമായ ആശകൾ നമ്മെ മുന്നേറാൻ പ്രേരിപ്പിക്കുന്നു. അത് കാര്യക്ഷമവും ഏകാഗ്രവും ഫലപ്രദവും ആകുന്നതിന് മികച്ച അർപ്പണബോധം വേണം.

എവിടെയും പരാജയവും വിജയവും ഉണ്ടാകാം. എന്നാൽ അർപ്പണബോധത്തോടെ കളത്തിൽ ഇറങ്ങുന്നവർ പ്രവർത്തിയിൽ ജാഗരൂകരായിരിക്കും. അതുമായി ബന്ധപ്പെട്ട പുതിയ അറിവുകൾ തേടുകയും ടീമിൽ ഒന്നായി പ്രവർത്തിക്കുകയും ലക്ഷ്യത്തിനായി കഠിനാധ്വാനം നടത്തുകയും ചെയ്യും. ഒരു പ്രാർത്ഥന പോലെ അവർ തങ്ങളുടെ ജോലിയിൽ മുഴുകും. അർപ്പണബോധം നിങ്ങളെ സ്വയം കണ്ടെത്തുന്ന പ്രത്യേക സിദ്ധിയാണ് നിങ്ങളുടെ സിദ്ധിയും സാധനയും പരുവപ്പെടുത്തുന്ന ഉന്നതമായ അളവുകോൽ. സമൂഹത്തിന്റെ വളർച്ചയിൽ അർപ്പണബോധമുള്ള വ്യക്തികൾ വലിയ താങ്ങാകുന്നു. അർപ്പണബോധമാണ് ജീവിതത്തെ അടയാളപ്പെടുത്തുന്നത്. ജീവിതത്തിന്റെ ആത്യന്തിക സാക്ഷാൽക്കാരത്തിനു പിന്നിൽ അർപ്പണബോധമാണ്. എത്ര കഴിവ് ഉണ്ടായിട്ടും കാര്യമില്ല അർപ്പണബോധമില്ലെങ്കിൽ നാം ഒരിടത്തും എത്തില്ല എന്ന അറിവാണ് പ്രധാനം. ●



The Brand Trust Report - India Study 2021
Power of Trust
India's Most Trusted
Dhotis Brands
RAMRAJ
ACHARYA
PANCHAKACHAM DHOTIS
Traditonal
Panjakacham Dhotis
Shop Online @ www.ramrajcotton.in


The Brand Trust Report - India Study 2021
Power of Trust
India's Most Trusted
Dhotis Brands
Culture India™
TRADITIONAL KURTAS • DHOTIS
BY
RAMRAJ
CULTURAL
Vibe
CULTURE WITH
A MODERN TWIST
Shop Online @ www.ramrajcotton.in

The Brand Trust Report - India Study 2021
Power of Trust
India's Most Trusted
Dhotis Brands
RAMRAJ ©
LITTLE STARS ®
KIDS DHOTIS • SHIRTS • KURTAS

Kokhila®
WOMEN'S INNERWEARS
BY
RAMRAJ
SOFT.
Stylish.
STRONG.
Experience the feather-light touch of Kokhila innerwear, crafted with premium cotton for unmatched comfort every day. Designed to move with you, it's the perfect blend of elegance and style.
SCAN QR CODE
FOR STORE LOCATION
Available at company showroom &
All leading Textile Shop Shop online at

RAMRAJ കോട്ടൺ ഇന്ത്യയുടെ സംസ്കാരം

നിങ്ങളുടെ വീട്ടിൽ വെണ്മ എത്തണ്ടേ?

വെണ്മ

വരിക്കാരാകൂ

'ഉന്നതമായ ചിന്തകൾ ലോക മെമ്പാടും എത്തേണ്ടതുണ്ട്' എന്ന ഉൽകൃഷ്ടമായ ലക്ഷ്യത്തിൽ മികവുറ്റ ലക്കങ്ങൾ തുടർന്നും എത്തിച്ചു കൊണ്ടിരിക്കുകയാണ് വെണ്മ. ഓരോ കുടുംബവും അമൂല്യ മായ നിധി പോലെ സൂക്ഷിക്കേണ്ട ഒന്നാണ് ഈ ലക്കം

ഒരു വർഷം സബ്സ്ക്രിപ്ഷൻ 200 രൂപ
രണ്ട് വർഷം സബ്സ്ക്രിപ്ഷൻ 380 രൂപ

VENMAII എന്ന പേരിൽ എഴുതിയ/എടുത്ത ചെക്ക്/ഡിഡി അയക്കുക. അതിന്റെ പിൻഭാഗത്ത് നിങ്ങളുടെ പേരും വിലാസവും എഴുതണം.

അല്ലെങ്കിൽ

VENMAII എന്ന പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ (A/C No:1809135000000299 Karur Vysya Bank, Tirupur SR Nagar Branch - IFSC: KVBL0001809) പണം ചെലുത്തി ആ രസീതിന്റെ പകർപ്പ് സബ്സ്ക്രിപ്ഷൻ ഫോമിനോടൊപ്പം അയക്കാം.

വെണ്മ
രാംരാജ് വി ടവർ.
10, ചെങ്കുന്തപുരം, മംഗലം റോഡ്,
തിരുപ്പൂർ-641 604
email: venmaii@ramrajcotton.net

സബ്സ്ക്രിപ്ഷൻ അടയ്ക്കാനും വെണ്മ ലക്കം മൊത്തത്തിൽ വാങ്ങാനും ബന്ധപ്പെടൂ.
ഫോൺ:
0421-4304106, 98422 74137

ഒരു നിമിഷം കൊണ്ട് വെണ്മയുടെ വരിക്കാരാകാം

1. നിങ്ങളുടെ സബ്സ്ക്രിപ്ഷൻ PhonePe G Pay എന്നിവ വഴി അടയ്ക്കാം.

UPI ട്രാൻസാക്ഷനിലൂടെയും മൊബൈൽ ഫോൺവഴിയും വെണ്മയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം. വെണ്മ UPI id: kvbupiqr.75626@kvb

Bharat QR code സൗകര്യമുള്ള മൊബൈൽ ബാങ്കിങ് ആപ്പ് ഉപയോഗിക്കുന്നവർ, അതിൽ ഇവിടെ നൽകിയിരിക്കുന്ന വെണ്മയുടെ ബാങ്ക് അക്കൗണ്ടിന്റെ QR code സ്കാൻ ചെയ്ത് സബ്സ്ക്രിപ്ഷൻ തുക അടയ്ക്കാം.

2. പണം അടച്ചതായി ബാങ്കിൽ നിന്നുള്ള സന്ദേശം Forward ചെയ്യൂ

3. അതോടൊപ്പം പൂർണമായ മേൽവിലാസവും മൊബൈൽ ഫോൺ നമ്പരും വാട്സ്ആപ്പ് ചെയ്യൂ. മൊബൈൽ ഫോൺ നം: 98422 74137

ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ:
Venmaii
A/C No: 1809135000000299, Karur Vysya Bank
Tirupur SR Nagar Branch, IFSC Code :KVBL0001809.

വിദ്യാർത്ഥികൾക്ക് പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(ആറാം ക്ലാസിനു മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡിന്റെ പകർപ്പും അയക്കണം)

സീനിയർ സിറ്റിസൺ പ്രത്യേക കിഴിവ്

ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~200~~ രൂപ 125 മാത്രം

രണ്ട് വർഷത്തെ സബ്സ്ക്രിപ്ഷൻ
രൂപ ~~380~~ രൂപ 250 മാത്രം

(60 വയസ്സിനു മുകളിലുള്ളവർക്കാണ് ഈ സൗജന്യം. സബ്സ്ക്രിപ്ഷൻ പണം അടയ്ക്കുമ്പോൾ ജനനത്തീയതിയുടെ തെളിവിന്റെ പകർപ്പും അയക്കണം.)

ഷോറൂമുകളിൽ നിന്ന് 10,000 രൂപയ്ക്കു മേൽ ഉൽപന്നങ്ങൾ വാങ്ങുന്നവർക്ക് ഒരു വർഷത്തെ സബ്സ്ക്രിപ്ഷൻ സമ്മാനമായി നൽകും

അർപ്പണബോധവും പ്രാർത്ഥനയും

ഏതു പ്രവർത്തിയും അർപ്പണബോധത്തോടെ ചെയ്യേണ്ടതുള്ളപ്പോൾ ദൈവ ചിന്തയോടെയുള്ള പ്രാർത്ഥനയും അങ്ങനെ തന്നെ ആയിരിക്കണം. പ്രാർത്ഥനയെ ഗാന്ധിജി 'ദൈവത്തിനോട് സംസാരിക്കുന്ന സമയം.' എന്നാണ് വിശേഷിപ്പിച്ചത്. ഒരിക്കൽ തന്റെ ഒരു സുഹൃത്തിന്റെ വീട്ടിൽ പോയി ഗന്ധിജി. ആ സമയത്ത് സുഹൃത്ത് പ്രാർത്ഥനയിലായിരുന്നു. ഗാന്ധിവന്നത് അറിഞ്ഞതും വേഗത്തിൽ പ്രാർത്ഥന അവസാനിപ്പിച്ചു.

'എന്തിനാണ് അങ്ങനെ ചെയ്തത്?' എന്ന് സങ്കടപ്പെട്ടു ഗാന്ധി. 'താങ്കൾ മഹാനായ മനുഷ്യനല്ലേ. താങ്കളോട് സംസാരിക്കേണ്ടതുള്ളതിനാലാണ് പ്രാർത്ഥന വേഗം അവസാനിപ്പിച്ചത്' എന്ന് അദ്ദേഹം പറഞ്ഞു. 'ദൈവം എന്നേക്കാൾ മഹത്തായതല്ലേ? അദ്ദേഹത്തോട് നിങ്ങൾ സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ, അദ്ദേഹവുമായി താരതമ്യം ചെയ്യുമ്പോൾ സാധാരണക്കാരനായ ഞാൻ കാത്തിരിക്കണം. അതല്ലേ ശരി' എന്ന് പറഞ്ഞു ഗാന്ധിജി.

ഗാന്ധിയുടെ അഭിപ്രായത്തിൽ പ്രാർത്ഥന വെറും ഒരു ചടങ്ങ് അല്ല; വിലപേശൽ അല്ല; ദൈവത്തിനോട് നാം സംസാരിക്കുന്ന സമയം. ഭക്തിയിൽ പ്രാർത്ഥന ആത്മാർത്ഥമായിരിക്കണം. വെറുതേ ചുണ്ടുകളിൽ മന്ത്രം ഉരുവിടുന്നതോ മണി അടിക്കുന്നതോ ആർപ്പു വിളിക്കുന്നതോ പാടുന്നതോ പ്രാർത്ഥന അല്ല, അത് മനസ്സിൽ നിന്ന് വരണം. 'ഇത് നിറവേറ്റിയാൽ ഞാൻ താങ്കളുടെ ക്ഷേത്രം സന്ദർശിക്കാം,' 'ഭണ്ഡാരത്തിൽ പണം നിക്ഷേപിക്കാം,' 'തലമുണ്ഡനം ചെയ്യാം' എന്നെല്ലാം വിലപേശരുത്. തീർത്തും ഇത് തെറ്റ് ആണെന്ന് പറയുകയല്ല. ഇതിനും അപ്പുറം ചെയ്യുന്ന വഴിപാട് കൂടുതൽ സുഖകരമായത്; ശുദ്ധമായത്. നമുക്ക് എന്തെങ്കിലും ഒന്ന് ചെയ്യുന്നതിന് പ്രതിഫലം പ്രതീക്ഷിക്കുന്ന രീതി ദൈവത്തിനില്ല. സ്വാഭാവികമായി ഹൃദയത്തിൽ നിന്ന് ഭക്തിയുടെ വികാരവും നന്ദിയും ഉയർന്നു വരണം.

ഒരു കഥ... ഇടതൂർന്ന കാട്ടിനുള്ളിൽ ഒരു വൃക്ഷച്ചുവട്ടിൽ കഠിനമായ ധ്യാനത്തിലായിരുന്നു ഒരു സന്ന്യാസി. സൂര്യൻ അസ്തമിക്കാൻ പോകുന്നതിനാൽ ഇരുട്ട് ആരംഭിച്ച നേരം. അപ്പോൾ ഗ്രാമത്തിലെ ഒരാൾ തിടുക്കത്തിൽ കാട്ടിനുള്ളിൽ ആ വൃക്ഷത്തിനോട് ചേർന്ന പാതയിലൂടെ ഓടി വന്നു.

'മോനേ, നീ എവിടെയാണ് ഉള്ളത്?' എന്ന് ഉച്ചത്തിൽ വിളിച്ചു ചോദിച്ചു കൊണ്ടാണ് അയാൾ ഓടിവന്നത്. ശാന്തമായ കാട്ടിലൂടെ അലമുറയിട്ടു കൊണ്ട് അതിവേഗം ഓടിയപ്പോൾ ഉണ്ടായ ശബ്ദവും അലർച്ചയും സന്ന്യാസിയുടെ ധ്യാനത്തിന് തടസ്സമായി. ദേഷ്യപ്പെട്ട് അദ്ദേഹം എഴുന്നേറ്റെങ്കിലും ആ മനുഷ്യൻ അത് ശ്രദ്ധിച്ചില്ല. കാട്ടിനുള്ളിലേക്ക് നോക്കിക്കൊണ്ട് സന്ന്യാസിയെയും കടന്ന് അയാൾ പോയി. സന്ന്യാസിയുടെ ദേഷ്യം അഗ്നിപർവതം പോലെ പൊന്തി ഉയർന്നു. 'ഈ വഴിയിലൂടെ തന്നെയാണല്ലോ അയാൾ തിരികെ വരേണ്ടതും... വരട്ടെ, അപ്പോൾ നോക്കാം' എന്ന് കാത്തിരുന്നു സന്ന്യാസി.

അൽപ നേരം കഴിഞ്ഞ് ഒരു ചെറിയ കുട്ടിയെ തോളിൽ ചുമന്നു കൊണ്ട് ആ മനുഷ്യൻ എത്തി. അയാളെ തടുത്ത സന്ന്യാസി, 'നിങ്ങൾക്ക് ക്ഷമയില്ലേ? ഞാൻ ധ്യാനത്തിലായിരുന്നത് നിങ്ങൾ കണ്ടില്ലേ? അലമുറയിട്ട് എന്റെ ധ്യാനം മുടക്കിയില്ലേ' എന്ന് ദേഷ്യത്തോടെ ചോദിച്ചു.

അയാൾ ഭയന്നു വിറച്ചു. വിനയത്തോടെ സന്ന്യാസിയെ തൊഴുത്, 'എന്നോട് ക്ഷമിക്കണം. താങ്കൾ ധ്യാനത്തിലായിരുന്നത് ഞാൻ ശ്രദ്ധിച്ചില്ല' എന്ന് പറഞ്ഞു. സന്ന്യാസി അടങ്ങിയില്ല. 'എന്ത്? ഞാൻ ധ്യാനത്തിലായിരുന്നത് ശ്രദ്ധിച്ചില്ലെന്നോ? നിനക്ക് കണ്ണ് കാണില്ലേ?' എന്ന് വീണ്ടും ദേഷ്യം കാണിച്ചു.

ആ മനുഷ്യൻ ശാന്തമായി 'അതല്ല ഗുരു, എന്റെ മകൻ വൈകുന്നേരം അവന്റെ സുഹൃത്തുക്കളോടൊപ്പം കളിക്കാനായി കാടിനരികിൽ വന്നിരുന്നു. അവന്റെ കൂടെ ഉണ്ടായിരുന്ന എല്ലാവരും തിരിച്ചെത്തി. അവൻ മാത്രം വന്നില്ല. ഏതെങ്കിലും കുളത്തിൽ വീണിരിക്കുമോ ക്രൂരമൃഗങ്ങളുടെ പിടിയിലായിരിക്കുമോ എന്ന ഭയത്തിൽ അവനെ തേടി ഓടുകയായിരുന്നു. എന്റെ ചിന്തയിൽ മുഴുവൻ അവൻ ആയിരുന്നതിനാൽ, ഞാൻ താങ്കളെ ശ്രദ്ധിച്ചില്ല' എന്ന് പറഞ്ഞ് വീണ്ടും ക്ഷമ ചോദിച്ചു.

സന്ന്യാസി വിടുന്ന ഭാവമില്ല. 'കാരണം എന്തു തന്നെ ആയിരുന്നാലും, ദൈവചിന്തയിൽ ധ്യാനത്തിലായിരുന്ന എന്നെ ശല്യപ്പെടുത്തിയത് തെറ്റ്' എന്ന് പറഞ്ഞു.

ആ ഗ്രാമവാസി ശാന്തമായി സന്ന്യാസിയെ നോക്കി, 'ധ്യാനത്തിൽ മുഴുകിയിരുന്ന താങ്കൾക്ക് ഞാൻ ഓടിയത്, അലറിയത് എല്ലാം തിരിച്ചറിഞ്ഞു. അതിനാൽ താങ്കളുടെ ധ്യാനം മുടങ്ങി. പക്ഷേ മകനെ തേടി ഓടിയ ഞാൻ കണ്മുന്നിൽ ഇരുന്ന താങ്കളെ ശ്രദ്ധിച്ചില്ല. എനിക്ക് എന്റെ മകനിലായിരുന്നു അർപ്പണ ബോധം ഉണ്ടായത്. അതിനാൽ മറ്റൊന്നും എന്റെ കണ്ണിൽ പെട്ടില്ല. പക്ഷേ എന്റെ സാധാരണ ശബ്ദം പോലും നിങ്ങളുടെ ധ്യാനം മുടക്കിയത് എങ്ങനെ? എന്റെ കുട്ടിയോടുള്ള അർപ്പണബോധം പോലും താങ്കൾക്ക് ദൈവത്തിൽ ഇല്ലല്ലോ. അർപ്പണബോധം ഇല്ലാത്ത ഈ ധ്യാനം കൊണ്ട് താങ്കൾക്ക് എന്ത് ഫലം ലഭിക്കും?' എന്ന് ചോദിച്ചു.

സന്ന്യാസിക്ക് അപ്പോഴാണ് തന്റെ തെറ്റ് ബോധ്യമായത്. തനിക്ക് ജ്ഞാനം പകർന്നു നൽകിയ ആ ഗ്രാമവാസിയെ തൊഴുത് അവിടെ നിന്ന് പുറപ്പെട്ടു.

ഏത് ജോലി ചെയ്താലും അതിൽ പൂർണമായ അർപ്പണബോധം കാണിക്കണം. അങ്ങനെ ശീലിക്കുന്നവരാണ് ജയിക്കുന്നവർ. പ്രാർത്ഥനയും അങ്ങനെ തന്നെ. ധാരാളം പേർ എന്തെങ്കിലും ആവശ്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കും. ഓഫീസിലേക്കുള്ള ബസ് ഉടനേ വരണം എന്ന് ബസ് സ്റ്റാൻഡിൽ നിന്ന് ക്ഷമയറ്റ് പ്രാർത്ഥിച്ച ഒരാളുടെ മുമ്പിൽ ദൈവം പ്രത്യക്ഷപ്പെട്ടു. 'നിനക്ക് എന്ത് വരമാണ് വേണ്ടത്' എന്ന് ചോദിച്ചു. 'ആ ബസ് ഉടനേ വരട്ടെ, നിങ്ങളെ ആരാ വിളിച്ചത്' എന്നു പോലും പറഞ്ഞേക്കാം.

ദൈവം നമുക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ട് 'എന്ത് വേണം' എന്ന് പുഞ്ചിരിച്ചു കൊണ്ട് ചോദിച്ചാൽ, 'നിങ്ങളാണ് വേണ്ടത്. നിങ്ങളേക്കാൾ മികച്ചത് മറ്റൊന്നുമില്ല. നിങ്ങൾ തന്നെ വന്നിരിക്കുമ്പോൾ നിങ്ങളേക്കാൾ കുറവായ ഒന്ന് നിങ്ങളുടെ പക്കൽ നിന്ന് എനിക്ക് എങ്ങനെ കൈപ്പറ്റാൻ കഴിയും' എന്ന് പറയുന്നതാണ് അർപ്പണബോധത്തോടെയുള്ള പ്രാർത്ഥന. ●

അർപ്പണബോധത്തോടെ സ്വപ്നം കാണണം

കുതിരപ്പന്തയങ്ങളിൽ പങ്കെടുക്കുന്ന കുതിരകൾക്ക് പരിശീലനം നൽകുന്ന ഒരാളുടെ മകനായാണ് മോണ്ടി റോബർട്ട്സ് ജനിച്ചത്. അച്ഛൻ അമേരിക്കയിലെ ഓരോ നഗരത്തിലും പോകും. അവിടെ കുതിരകളെ വളർത്തുന്ന ഫാംഹൗസ് മുതലാളിമാരോട് തന്റെ കഴിവ് വിശദീകരിക്കും. അവരുടെ ഫാം ഹൗസിലുള്ള കുതിരകൾക്ക് പരിശീലനം നൽകും.

കഴിവുറ്റ പരിശീലകനാണ് അദ്ദേഹം. ഒരു ഫാംഹൗസിൽ ഉള്ള ഏത് കുതിരയാണ് പന്തയത്തിന് അനുയോജ്യമയാവ എന്ന് ഒന്ന് രണ്ട് ദിവസങ്ങൾക്കുള്ളിൽ കണ്ടുപിടിക്കും. അവയ്ക്ക് പ്രത്യേകം പരിശീലനം നൽകും. പന്തയങ്ങളിൽ സമ്മാനങ്ങൾ വാരിക്കൂട്ടാൻ ആരംഭിക്കും. മുതലാളിമാർ സമർത്ഥരാണ്. തങ്ങളുടേ ജോലിക്കാരെ സമർത്ഥമായി മോണ്ടി റോബർട്ട്സിന്റെ അച്ഛന്റെ പരിശീലന രീതി പഠിപ്പിക്കും. പിന്നീട് ആ മനുഷ്യനെ പറഞ്ഞയക്കും.

അതിനാൽ തന്നെ മോണ്ടി റോബർട്ട്സ് പത്താം ക്ലാസ് എത്തും മുമ്പ് തന്നെ പല ജോലികൾ മാറിയിരുന്നു. ആ ക്ലാസിൽ അധ്യാപകൻ എല്ലാ വിദ്യാർത്ഥികൾക്കും ഒരു ദൗത്യം നൽകിയിട്ടുണ്ടായിരുന്നു. 'വളർന്ന ശേഷം നിങ്ങൾ എന്താകാൻ പോകുന്നു? നിങ്ങളുടെ സ്വപ്നം എന്താണ്? അത് വിവരിച്ച് ഒരു ഉപന്യാസം എഴുണം' എന്നതാണ് വിദ്യാർത്ഥികൾക്ക് നൽകിയ ദൗത്യം.

മോണ്ടി അവധി ദിനങ്ങളിൽ തന്റെ അച്ഛനോടൊപ്പം ഫാം ഹൗസുകളിൽ പോകും. അവന് കുതിരകൾ ഇഷ്ടമായിരുന്നു. കുതിരകൾതമ്മിൽ തമ്മിൽ ശരീരം കുലുക്കി സംസാരിക്കുന്നത് അവൻ മനസ്സിലാക്കി. ഭയം, ആശങ്ക, സ്നേഹം, സന്തോഷം എന്നിങ്ങനെ ഓരോന്നും അവ എങ്ങനെ വെളിപ്പെടുത്തുന്നുവെന്ന് മനസ്സിലാക്കി. ചുരുക്കത്തിൽ, കുതിരകളുടെ ഭാഷ അവന് അറിയാം. ആ പ്രായത്തിൽ തന്നെ അവൻ കുതിരകളോട് സംസാരിച്ച് അവയെ ഇണക്കാൻ പഠിച്ചു. അച്ഛനേക്കാൾ മികച്ച പരിശീലകനാകണം എന്നതാണ് അവന്റെ സ്വപ്നം.

അധ്യാപകൻ പറഞ്ഞ ആ രാത്രിയിൽ തന്നെ അവൻ ഏഴു പേജ് ഉപന്യാസം എഴുതി. ഒരു വലിയ കുതിര ഫാം ഹൗസിന് സ്വന്തക്കാരനായി ആ കുതിരകളെ പരിശീലിപ്പിച്ച് പന്തയങ്ങളിൽ ജയിക്കണം എന്ന് തന്റെ സ്വപ്നം അവൻ അർപ്പണബോധത്തോടെ വിവരിച്ചു. ആ സ്വപ്നം എത്ര കണ്ട് മികച്ചതായിരുന്നു എന്നതിന് ഉദാഹരണമായി അവൻ തന്റെ കുതിര ഫാം ഹൗസിന്റെ ഭംഗിയുള്ള ചിത്രവും വരച്ചിരുന്നു. 200 ഏക്കർ വിസ്തൃതിയിൽ ഫാംഹൗസ്, അതിനുള്ളിൽ കുതിരലായങ്ങൾ, കുതിരകളെ പരിശീലിപ്പിക്കുന്ന റേസ് ട്രാക്കുകൾ, കുതിരകളെ കുളിപ്പിക്കാൻ കുളങ്ങൾ എന്നിങ്ങനെ എല്ലാം അതിൽ ഉണ്ടായിരുന്നു. ആ ഫാം ഹൗസിന്റെ മധ്യത്തിൽ 4000 ചതുരശ്ര അടിയിൽ ഭംഗിയുള്ള ഒരു ബംഗ്ലാവും അവന് താമസിക്കാൻ വരച്ചിട്ടുണ്ടായിരുന്നു. 'ഇതാണ് എന്റെ സ്വപ്ന കുതിര ഫാം ഹൗസ്' എന്ന് എഴുതി അടുത്ത ദിവസം അധ്യാപകന് നൽകി.

രണ്ട് ദിവസം കഴിഞ്ഞ് അധ്യാപകൻ അവനെ വിളിച്ചു.

'നിനക്ക് ഞാൻ പൂജ്യം മാർക്കേ നൽകൂ' എന്ന് പറഞ്ഞു. 'അതെന്താ?' എന്ന് നിരാശയോടെ ചോദിച്ചു മോണ്ടി റോബർട്ട്സ്. 'നിന്റെ സ്വപ്നം വിശ്വസിക്കാൻ പറ്റുന്നില്ല. ഇതെല്ലാം നടക്കുന്ന കാര്യമാണോ? ഈ പേപ്പർ നീ തന്നെ വച്ചോളൂ. വിശ്വസിക്കാൻ കഴിയുന്ന എന്തെങ്കിലും എഴുതിക്കൊണ്ട് വാ. നല്ല മാർക്ക് നൽകാം' എന്ന് പറഞ്ഞു അധ്യാപകൻ.

മോണ്ടി ദുഃഖത്തോടെ തന്റെ സ്വപ്നം എഴുതിയ പേപ്പർ എടുത്ത് വീട്ടിൽ ചെന്നു. സംഭവിച്ചത് അച്ഛനോട് പറഞ്ഞു. 'ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. തിടുക്കപ്പെട്ട് ഒന്നും ചെയ്യരുത്. നിന്റെ ഭാവിയുടെ സ്വപ്നമാണ്. നീ എന്താണ് ആകേണ്ടത് എന്നത് നീയാണ് തീരുമാനിക്കേണ്ടത്' എന്ന് പറഞ്ഞു അച്ഛൻ.

രാത്രി മുഴുവൻ ചിന്തിച്ച മോണ്ടി, അടുത്ത ദിവസം വ്യക്തമായ തീരുമാനത്തോടെ സ്കൂളിൽ പോയി. അതേ സ്വപ്നം എഴുതിയ പേപ്പർ അധ്യാപകന് നൽകി. 'താങ്കളുടെ മാർക്ക് താങ്കൾ തന്നെ വച്ചോളൂ. എന്റെ സ്വപ്നം ഞാൻ കൈവരിക്കാം' എന്ന് പറഞ്ഞു.

20 വർഷങ്ങളിൽ മോണ്ടിയുടെ സ്വപ്നം യാഥാർത്ഥ്യമായി. താൻ വരച്ച അതേ രൂപത്തിൽ കുതിര ഫാം ഹൗസ് ഉണ്ടാക്കി. അതിന്റെ നടുക്ക് ഭംഗിയുള്ള ബംഗ്ലാവും കെട്ടി താമസമാക്കി. താൻ പഠിച്ച സ്കൂളിൽ ചെന്ന് തന്റെ സ്വപ്നം എഴുതിയ പേപ്പർ വാങ്ങി വന്ന്, ഫ്രെയിം ഇട്ട് ഹാളിൽ തൂക്കി.

ചില മാസങ്ങളിൽ അദ്ദേഹത്തിന്റെ അധ്യാപകൻ, തന്റെ വിദ്യാർത്ഥികളെ കുതിര ഫാം ഹൗസ് കാണിക്കാനായി കൂട്ടിക്കൊണ്ട് വന്നു. മോണ്ടി ഒരു അപ്രിയവും കാട്ടാതെ അദ്ദേഹം സ്വീകരിച്ചു. 'എന്നോട് ക്ഷമിക്കൂ, മോണ്ടി. നിന്നെപ്പോലുള്ള പല കുട്ടികളുടെയും സ്വപ്നങ്ങൾ നശിപ്പിക്കുന്നവനായിരുന്നിട്ടുണ്ട് ഞാൻ. ഭാഗ്യവശാൽ നിനക്ക് അർപ്പണ ബോധം ഉണ്ടായിരുന്നു' എന്ന് പറഞ്ഞു അധ്യാപകൻ.

'ആര് എന്തു പറഞ്ഞാലും നിങ്ങളുടെ മനസ്സ് പറയുന്നത് കേൾക്കണം. നിങ്ങളുടെ സ്വപ്നങ്ങളെ തകർക്കാൻ ആരെയും അനുവദിക്കരുത്' എന്ന് പറഞ്ഞ മോണ്ടി ഇപ്പോൾ ലോക പ്രശസ്ത കുതിര പരിശീലകനാണ്. •

കുട്ടികളെപ്പോലെ അർപ്പണബോധം കാണിക്കണം

ഏത് കാര്യത്തിലും അർപ്പണബോധം കാണിക്കുന്ന മനസ്സ് നമുക്ക് ഏത് പ്രായത്തിലാണ് വന്നണയുന്നത്? ഇതിനു വേണ്ടി അമേരിക്കയിൽ ഒരു പരീക്ഷണം നടത്തി. പ്രശസ്തമായ 'വാഷിംഗ്ടൺ പോസ്റ്റ്' എന്ന പത്രമാണ് ഈ പരീക്ഷണം നടത്തിയത്. ഈ പരീക്ഷണത്തിന് സഹായിയായിരുന്നത് ജോഷ്വാ ബെൽ എന്ന സംഗീതകലാകാരനായിരുന്നു.

പ്രശസ്ത വയലിൻ സംഗീത പ്രതിഭയാണ് ജോഷ്വാ. അദ്ദേഹത്തിന്റെ സംഗീതക്കച്ചേരിയാണെങ്കിൽ, പലരും മത്സരിച്ച് ടിക്കറ്റ് വാങ്ങും. ഹാൾ നിറഞ്ഞു കവിയും. ബോസ്റ്റൺ നഗരത്തിൽ ഒരു ഹാളിൽ അദ്ദേഹം നടത്തിയ സംഗീത കച്ചേരിയിൽ ഒരു ടിക്കറ്റിന് വില 100 ഡോളർ ആയിരുന്നു. ടിക്കറ്റുകൾ പൂർണമായും വിറ്റുതീർന്നു, ഹാളിൽ ഇരിക്കാൻ സ്ഥലം ഇല്ലാത്തത്ര ജനക്കൂട്ടം.

ഈ സംഗീത മേള നടന്ന് രണ്ട് ദിവസം കഴിഞ്ഞാണ് ഒരു പരീക്ഷണം നടന്നത്. ജോഷ്വാ ബെൽ തന്നെ തിരിച്ചറിയാത്ത വിധം രൂപഭാവങ്ങൾ മാറ്റി, തലയിൽ തൊപ്പി വച്ച് മുഖം പാതി മറച്ച്, വാഷിംഗ്ടൺ മെട്രോ ഭൂഗർഭ പാതയിൽ ഒന്നിൽ വയലിൻ വായിക്കാൻ എത്തി. അത് രാവിലെ എല്ലാവരും തിടുക്കപ്പെട്ട് ജോലിക്ക് പോകുന്ന സമയമായിരുന്നു.

അപ്രതീക്ഷിതമായ ഇടത്ത് നാം കാണുന്ന അഴക് ആരാധിക്കുമോ? ഒരു നല്ല സംഗീതം എവിടെ കേട്ടാലും ആസ്വദിക്കുമോ? അതല്ല സ്ഥലവും നേരവും അനുസരിച്ച് നമ്മുടെ അഭിരുചി മാറുമോ? ഇത് മനസ്സിലാക്കാനാണ് ഈ പരീക്ഷണം.

ജോഷ്വാ പതിവു പോലെ താൻ വായിക്കുന്ന അതേ 35 ലക്ഷം ഡോളർ വിലയുള്ള അപൂർവ വയലിൻ ഉപയോഗിച്ചാണ് അന്നും വായിച്ചത്. പക്ഷേ, അത് സുപ്രധാന വേദി അല്ല. റെയിൽവേ ഭൂഗർഭ പാതയിൽ ഒരരികിൽ ഇരുന്നു കൊണ്ട് അദ്ദേഹം വയലിൻ വായിച്ചു. പതിവായി യാചകർ

ചിലർ ഇങ്ങനെ ചെയ്യാറുണ്ട്. പക്ഷേ, പ്രശസ്ത ഈരടികൾ ജോഷ്വാ 45 മിനിട്ട് വായിച്ചു.

ആയിരക്കണക്കിന് ജനങ്ങൾ ആ ഭൂഗർഭ പാത കടന്നു പോയി. ജോഷ്വാ വായിക്കാൻ ആരംഭിച്ച് മൂന്ന് മിനിട്ട് കഴിഞ്ഞാണ് ഇത്തരത്തിൽ ഒരു സംഗീതം ഇവിടെ കേൾക്കുന്നുണ്ടെന്ന് പലരും തിരിച്ചറിഞ്ഞത്. ഒരു മധ്യവയസ്കൻ, തന്റെ വേഗം കുറച്ച് ജോഷ്വായെ തിരിഞ്ഞു നോക്കി. ഉടനേ തന്റെ വാച്ച് നോക്കി, വീണ്ടും വേഗത്തിൽ നടക്കാൻ തുടങ്ങി. വീണ്ടും ഒരു മിനിട്ട് കഴിഞ്ഞപ്പോൾ ഒരു സ്ത്രീ തന്റെ വേഗം കുറയ്ക്കാതെ, നിൽക്കാതെ, ജോഷ്വായുടെ മുമ്പിൽ ഉണ്ടായിരുന്ന തറവിരിപ്പിൽ ഒരു ഡോളർ ഇട്ടു പോയി. വീണ്ടും ചില മിനിട്ടുകൾ കഴിഞ്ഞ് വന്ന ഒരാൾ, ചുവരിൽ ചാരി നിന്ന് ഒരു മിനിട്ട് സംഗീതം ശ്രവിച്ചു. ശേഷം വാച്ച് നോക്കി പെട്ടെന്ന് ഓടാൻ തുടങ്ങി.

ആശ്ചര്യമെന്നു പറയട്ടെ, ജോഷ്വായുടെ സംഗീതം ആസ്വദിച്ചവർ കുട്ടികളായിരുന്നു. ഒരു മൂന്നു വയസ്സുകാരൻ, തന്റെ അമ്മയുടെ പിടിയിൽ നിന്ന് കുതറിമാറി ജോഷ്വായുടെ എതിരിൽ നിന്ന് സംഗീതം ആസ്വദിച്ചു, അവന്റെ അമ്മയ്ക്ക് അവനെ ഏതാണ്ട് വലിച്ചിഴച്ച് കൊണ്ടു പോകേണ്ടി വന്നു. സമാനമായി മറ്റു കുട്ടികളും ഭൂഗർഭപാത അവസാനിക്കുന്ന ഇടം വരെ തിരിഞ്ഞു തിരിഞ്ഞ് നോക്കിക്കൊണ്ടേയിരുന്നു.

വയലിൻസംഗീതം45മിനിട്ടിൽ6പേർമാത്രമാണ് നിന്ന് ആസ്വദിച്ചത്. 20 പേർ പണം നൽകി. സാധാരണഗതിയിൽ വേദിയിൽ ജോഷ്വാ മേള അവസാനിപ്പിക്കുമ്പോൾ, കരഘോഷം മുഴങ്ങും. ഇവിടെ അദ്ദേഹം അവസാനിപ്പിക്കുമ്പോൾ ഒരാൾ പോലും കൈയടിച്ചില്ല.

കാരണം? ജോലി, സാഹചര്യം എന്നിവയ്ക്ക് അനുസൃതമായി നമ്മുടെ അർപ്പണ ബോധം മാറും. പക്ഷേ, കുട്ടികൾ ഏത് ചുറ്റുപാടിലും ഒരേ പോലെ ആയിരിക്കും. അർപ്പണബോധം കാട്ടുന്നതിൽ നാം കുട്ടികളെപ്പോലെ ആയിരിക്കണം.

കുട്ടികൾ വളർന്ന് ടീൻ ഏജ് എത്തിയ ശേഷവും അങ്ങനെ തന്നെ ആയിരിക്കും. ജപ്പാനിൽ ഒരു പരീക്ഷണം നടത്തി ഇത് തെളിയിച്ചിട്ടുണ്ട്. ഒരു പാർക്കിലെ ബെഞ്ചിൽ അച്ഛനും അദ്ദേഹത്തിന്റെ ടീൻ ഏജ് മകനായ യുവാവും ഇരിക്കുന്നു. അവരുടെ അരികിൽ പരീക്ഷണത്തിനായി ഒരു അമ്മയും മകനായ കുട്ടിയും വന്ന് ഇരുന്നു.

വന്നതു മുതൽ അമ്മ, 'നീ നിന്റെ ജ്യേഷ്ഠനെപ്പോലെ മിടുക്കൻ അല്ല, നന്നായി പഠിക്കുന്നുമില്ല' എന്ന് വഴക്കു പറഞ്ഞു കൊണ്ടേയിരുന്നു. അച്ഛനോടൊപ്പം ഇരുന്ന യുവാവ് ഇത് കണ്ട് ആ അമ്മയെ വിലക്കാൻ ശ്രമിച്ചു. അവന്റെ അച്ഛൻ, 'വേണ്ട, ഇതിൽ തലയിടുന്നത് നല്ലതല്ല' എന്ന് കണ്ണുകൾ കൊണ്ട് തടുത്തു. പക്ഷേ ആ അമ്മ മകനെ വഴക്കു പറഞ്ഞു കൊണ്ടേയിരുന്നു. യുവാവ് ക്ഷമ നശിച്ച് അതിൽ ഇടപെട്ടു. 'നോക്കണം, ഒരു കുട്ടിയെ ഇങ്ങനെ വഴക്കു പറയുന്നത് ശരിയല്ല. അവന് നിങ്ങളാണ് പിന്തുണയായി ഇരിക്കേണ്ടത്' എന്ന് പറഞ്ഞു.

'ഞങ്ങളുടെ കാര്യത്തിൽ തലയിടാൻ നിങ്ങൾ ആര്?' എന്ന് ആ അമ്മ ദേഷ്യത്തോടെ ചോദിച്ചതും, 'കുട്ടിയെ ആര് വഴക്കു പറഞ്ഞാലും ഞാൻ ചോദിക്കും' എന്ന് പറഞ്ഞു യുവാവ്. ആ അമ്മ ദേഷ്യപ്പെട്ട് എഴുന്നേറ്റ് പോയപ്പോൾ, ആ കുട്ടി അവിടെ ഇരുന്നു. യുവാവ് ആ കുട്ടിയുടെ അടുത്തെത്തി, 'നീ പരാജയം അല്ല. നിന്നെക്കൊണ്ടുംജയിക്കാൻകഴിയും.അമ്മ സ്നേഹം കൊണ്ടാണ് സംസാരിക്കുന്നത്' എന്ന് സമാധാനപ്പെടുത്തി.

ഈപരീക്ഷണത്തിൽപലയുവാക്കളും ഇത്തരത്തിലാണ് പ്രതികരിച്ചതത്രെ. ജീവിത പ്രതിസന്ധികളാണ് പിൽക്കാലത്ത് അവരുടെ അർപ്പണ ബോധം കുറയ്ക്കുന്നത്. ●

നിങ്ങളുടെ വിധി മാറ്റുന്ന അർപ്പണബോധം



ട്രെയിനിൽ ഭിക്ഷയെടുക്കുകയായിരുന്നു ഒരാൾ. തിരക്കേറിയ ബോഗിക്കുള്ളിൽ കയറി, എല്ലാവർക്കും കേൾക്കുന്ന ശബ്ദത്തിൽ കണ്ണിർ കലർന്ന് സംസാരിച്ച് ഭിക്ഷ യാചിക്കണം. അടുത്ത സ്റ്റേഷൻ ശ്രദ്ധിച്ച് ഇറങ്ങണം. അല്ലാത്തപക്ഷം ടിടിആറിന്റെ പിടിയിലാകും. ഇത്രയും പ്രശ്നങ്ങൾക്കു നടുവിൽ കെഞ്ചിക്കേട്ടാൽ, ബോഗിയിലുള്ള 100 പേരിൽ നാലഞ്ചു പേർ എന്തെങ്കിലും ചില്ലറക്കാശുകൾ കൈയിലേക്ക് വലിച്ചെറിയും. ചില ദിവസം ഭക്ഷണം കഴിക്കാൻ കഴിയും. ചില ദിവസം ചായ കുടിക്കാനുള്ളത്ര പണമേ ലഭിക്കൂ. 'ഈ ലോകത്തിലേ എന്നേക്കാൾ മോശമായ അവസ്ഥയിലുള്ളവർ ആരുമില്ല' എന്ന് ചിന്തിച്ച് ദിവസങ്ങൾ തള്ളിനീക്കിക്കൊണ്ടിരുന്നു.

ഒരു ദിവസം ട്രെയിനിൽ ഭിക്ഷയെടുത്തു കൊണ്ടിരുന്നപ്പോൾ, ശുഭ്രവസ്ത്രധാരിയായ ഒരു വലിയ മനുഷ്യനെ ശ്രദ്ധിച്ചു. 'ഇദ്ദേഹം വലിയ ധനികനായിരിക്കും. ചോദിച്ചാൽ തീർച്ചയായും ധാരാളം പണം നൽകും.' എന്ന് ചിന്തിച്ച് അദ്ദേഹത്തിന്റെ അടുത്ത് ചെന്ന് ഭിക്ഷ ചോദിച്ചു.

ആ വലിയ മനുഷ്യൻ നിവർന്ന് നോക്കി, 'നിങ്ങൾ എപ്പോഴും ഭിക്ഷയെടുത്തു കൊണ്ടിരിക്കുകയാണല്ലോ, നിങ്ങൾ ആർക്കെങ്കിലും എന്തെങ്കിലും നൽകിയിട്ടുണ്ടോ?' എന്ന് ചോദിച്ചു. ഇയാൾ മടിച്ച്, 'സർ, ഞാൻ ഒരു ഭിക്ഷക്കാരൻ. എനിക്ക് ഭിക്ഷ യാചിക്കാനേ കഴിയൂ. എന്റെ കൈവശം കൊടുക്കാൻ എന്തിരിക്കുന്നു?' എന്ന് നിരാശയോടെ പറഞ്ഞു. 'നിങ്ങളെക്കൊണ്ട് ആർക്കും ഒന്നും നൽകാൻ കഴിയാത്തപ്പോൾ, അവരോട് ഒന്നും ചോദിക്കാൻ നിങ്ങൾക്ക് ഒരു അവകാശവും ഇല്ല' എന്ന് ഉറപ്പിച്ചു പറഞ്ഞു ആ വലിയ മനുഷ്യൻ.

അടുത്ത സ്റ്റേഷനിൽ ഇറങ്ങിയ അയാൾ ചിന്തിക്കാൻ ആരംഭിച്ചു. ആ വാക്കുകൾ മനസ്സിൽ തറഞ്ഞിരിക്കുന്നു. 'ആർക്കും ഒന്നും നൽകാൻ എനിക്ക് കഴിയാത്തതിനാൽ, ഞാൻ ഭിക്ഷ യാചിക്കുമ്പോൾ കൂടുതൽ പണം ലഭിക്കാറില്ല. ഞാൻ ആർക്കെങ്കിലും എന്തെങ്കിലും നൽകാൻ അർഹതഇല്ലാത്തവൻഎന്ന്എന്തിന്ചിന്തിക്കണം? എത്ര ദിവസം ഒന്നും നൽകാതെ ജനങ്ങളോട് ചോദിച്ചു കൊണ്ടിരിക്കും. എനിക്ക് ജനങ്ങൾ ഭിക്ഷ നൽകുമ്പോൾ, ഞാൻ പകരം എന്തെങ്കിലും നൽകും' എന്ന് തീരുമാനിച്ചു അയാൾ.

എന്ത് നൽകും? ഈ ചോദ്യത്തിന് ഉത്തരം ഒന്നും ലഭിച്ചില്ല. പൂക്കൂടയുമായി ട്രെയിൻ കയറാൻ വന്ന വൃദ്ധയെ കണ്ടു. അദ്ദേഹത്തിന്റെ ചിന്തയിൽ ഒരു ആശയം വിടർന്നു. താൻ ഭിക്ഷയെടുത്ത് വച്ചിരുന്ന മൊത്തം പണവും ആ വൃദ്ധയ്ക്ക് നൽകി റോസാ പൂക്കൾ വാങ്ങി. പഴയ കൂട ഒന്ന് വൃദ്ധയുടെ കൈയിൽ നിന്ന് കടം വാങ്ങി, അതിൽ പൂക്കൾ വച്ചു കൊണ്ട് വീണ്ടും ട്രെയിനിൽ കയറി. ഭിക്ഷ യാചിച്ചു. അയാൾക്ക് ചില്ലറകൾ നൽകിയ ഓരോ

മനുഷ്യനും നന്ദിപറഞ്ഞ്, പൂവ് എടുത്തുകൊള്ളാൻ പറഞ്ഞു. ചിലർ മറുത്തു; ചിലർ ആശ്ചര്യത്തോടെ എടുത്തു; ചില രണ്ട് പൂക്കൾ പോലും എടുത്തു. എല്ലാ അയാൾ പുഞ്ചിരിയോടെ സമ്മതിച്ചു. ആ ദിവസം പതിവിലും അധികം പണം ഭിക്ഷ എടുത്ത് നേടിയതായി അയാൾക്ക് ബോധ്യപ്പെട്ടു.

അടുത്തടുത്ത ദിവസങ്ങൾ അയാൾ ഇത് തുടർന്നു. 'ചില്ലറ നൽകിയാൽ പൂക്കൾ നൽകുന്ന വ്യത്യസ്തമായ ഭിക്ഷക്കാരൻ' എന്ന് ട്രെയിനിൽ പ്രശസ്തനായി. ദിവസതോറും മുമ്പത്തേക്കാൾ കൂടുതൽ പണം ചേരാൻ തുടങ്ങി. ഇപ്പോൾ അദ്ദേഹത്തിന് നന്നായി ഭക്ഷണം കഴിക്കാൻ കഴിഞ്ഞു. ഒരു ദിവസം ട്രെയിനിൽ അയാൾ ഭിക്ഷ എടുക്കുമ്പോൾ, അതേ വലിയ മനുഷ്യൻ അതിലിരിക്കുന്നത് ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ പക്കൽ ചെന്ന് ഭിക്ഷ ചോദിച്ച്, 'ഇന്ന് താങ്കൾക്ക് നൽകാൻ എന്റെ പക്കൽ പൂക്കൾ ഉണ്ട്' എന്ന് പൂക്കൾ നീട്ടി.

ആ വലിയ മനുഷ്യൻ പണം നൽകി രണ്ട് പൂക്കൾ എടുത്തു. 'ഇനിയും എന്തിനാ ഭിക്ഷയെടുക്കുന്നത്? ഞാൻ നൽകിയ പണത്തിന് നീ പൂവ് നൽകുന്നു. നീയും എന്നെപ്പോലെ ബിസിനസുകാരനായി' എന്ന് പറഞ്ഞു. അന്ന് ആ ഭിക്ഷക്കാരന്റെ മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി. ട്രെയിനിൽ നിന്നിറങ്ങി. തന്റെ ജീവിതം മാറ്റാൻ കഴിയുന്ന വിജയിക്കാനുള്ള പാത തുറന്നതായി ബോധ്യപ്പെട്ടു.

അഞ്ച് വർഷങ്ങൾക്കു ശേഷം അതേ ട്രെയിനിൽ ആ വലിയ മനുഷ്യൻ യാത്ര ചെയ്യുകയായിരുന്നു. വെള്ള മുണ്ടും ഷർട്ടും ധരിച്ച് ഗാംഭീര്യമുള്ള ഒരു മനുഷ്യൻ അദ്ദേഹത്തിന്റെ അരികിൽ വന്നിരുന്നു. വലിയ മനുഷ്യനെ കണ്ടതും ഞെട്ടി എഴുന്നേറ്റ് കൈകൂപ്പി. 'എന്നെ മനസ്സിലായോ?' എന്ന് ചോദിച്ചു. ഒന്നും മനസ്സിലാകാത്തതു പോലെ, 'ഇപ്പോഴാണല്ലോ ആദ്യമായി കാണുന്നത്' എന്ന് പറഞ്ഞു വലിയ മനുഷ്യൻ.

'ഇല്ല, സർ. ഇത് മൂന്നാം തവണ' എന്ന് പറഞ്ഞു ആ മുൻ ഭിക്ഷക്കാരൻ. പഴയ

സംഭവങ്ങൾ അദ്ദേഹം ഓർമ്മപ്പെടുത്തി. 'ഞാൻ ബിസിനസുകാരനായിമാറിഎന്ന് താങ്കൾപറഞ്ഞു. ഇന്ന് ഞാൻ വലിയ പുഷ്പ വ്യാപാരിയാണ്. നാടുതോറും ചെന്ന് പൂക്കൾ വാങ്ങി മാർക്കറ്റുകളിലേക്ക് അയക്കും. എന്നോടൊപ്പം 100 പേർ ജോലി ചെയ്യുന്നുണ്ട്. എല്ലാ മാറ്റവും താങ്കൾ പറഞ്ഞതു കൊണ്ട് സംഭവിച്ചതാണ്. ഭിക്ഷക്കാരനായി എന്നെ കരുതിയതു വരെ ഭിക്ഷക്കാരനായി ജീവിച്ചു. വ്യാപാരിയാണെന്ന് ബോധ്യപ്പെട്ട അടുത്ത നിമിഷത്തിൽ നിന്ന് ജീവിതം മാറി' എന്ന് സന്തോഷത്തോടെ പറഞ്ഞു. 'നാം എന്തായി വിശ്വസിക്കുന്നുവോ അതായിമാറും' എന്ന് ഹസ്തദാനം ചെയ്ത് പറഞ്ഞു ആ വലിയ മനുഷ്യൻ.

അർപ്പണബോധത്തോടെ നാം എന്ത് ചെയ്താലും അതായി മാറും. നമ്മുടെ വിത്തിനെ അർപ്പണ ബോധത്തോടെ മാറ്റാൻ ചില വഴികൾ:

❖ കടൽ മുഴുവനും വെള്ളമായിരുന്നാലും കപ്പൽ അനുവദിച്ചാലേ അതിനുള്ളിൽ കടൽ വെള്ളത്തിന് കയറാൻ കഴിയൂ. നമ്മുടെ ദുഃഖങ്ങളും സങ്കടങ്ങളും നമ്മുടെ അനുവാദം ഇല്ലാതെ നമ്മുടെ മനസ്സിനുള്ള കയറാൻ കഴിയില്ല. ഏത് പ്രതിസന്ധിയിലും ഏത് പടു തോൽവിയിലും മനസ്സ് ഉടഞ്ഞു പോകരുത്.

❖ പരാജയത്തിൽ തളരരുത്. പരാജയം ഇല്ലാതെ വിജയം ഇല്ല. മനസ്സിനെ ഉന്മേഷത്തോടെ കാത്തുസൂക്ഷിക്കണം. എന്തും നേടാം. സാധിക്കാത്തതായി ഒന്നുമില്ല. വിശ്വസിക്കണം.

❖ ചിന്തകൾ പോസിറ്റീവ് ആയിരിക്കണം. ലക്ഷ്യങ്ങൾ ഉന്നതമായിരിക്കണം. വെറും ചിന്തകൾ വിജയം നൽകില്ല. അതിന് ആസൂത്രണം ചെയ്യണം. തുടർച്ചയായി പരിശ്രമിക്കണം.

❖ നിങ്ങൾക്ക് ഒരു പ്രവർത്തിയിൽ താൽപര്യം ഉണ്ടെങ്കിൽ പരിശ്രമം സ്വയം ഉണ്ടാകും. കഠിനമായ അധ്വാനവും അതോടൊപ്പം ചേരണം. പരിശ്രമവും അധ്വാനവും ഉണ്ടെങ്കിൽ മുന്നേറ്റം ഉറപ്പ്.

❖ ഇടയ്ക്കിടെ ആശയക്കുഴപ്പത്തിലായി,' 'മറ്റൊന്നിൽ പെട്ടെന്ന് ജയിക്കാം' എന്ന് ദിശമാററുത്. വ്യക്തമായി ആസൂത്രണം ചെയ്യണം. ലക്ഷ്യം കൈവരിക്കുന്നതു വരെ കാത്തിരിക്കണം. ലക്ഷ്യം കൈവിടാത്തവർ ഉന്നതിയിലെത്തും. ●

ബലഹീനത ബാധിക്കില്ല

എന്തും അർപ്പണബോധത്തോടെ ചെയ്യുന്ന ഒരാളുടെ ഏത് ബലഹീനതയും ആ വ്യക്തിയുടെ വിജയത്തെ തടുക്കില്ല. പ്രശസ്ത സംഗീത പ്രതിഭ ബീഥോവൻ ബധിരനാണ്. 'സംഗീതജ്ഞാനം ഇല്ലാത്തവൻ' എന്ന് ചെറു പ്രായത്തിലേ ഒതുക്കപ്പെട്ടവൻ. പക്ഷേ, പിൽക്കാലത്ത് ലോകത്തെ ഉന്നതമായ സംഗീതം സൃഷ്ടിച്ച് പ്രശസ്തി നേടി. മികവുറ്റ അമേരിക്കൻ പ്രസിഡന്റ് ആണ് ഫ്രാങ്ക്ലിൻ റൂസ്‌വെൽറ്റ്. ഔദ്യോഗികകാലത്ത് തന്നെ രോഗബാധയിൽ വീൽചെയറിൽ ജീവിതം തള്ളിനീക്കിയ വ്യക്തി. രണ്ടാം ലോക മഹാ യുദ്ധത്തിൽ അമേരിക്കൻ സേനകളെ ആ അവസ്ഥയിലും വഴികാട്ടി മഹാ വിജയം കൈവരിച്ചു അദ്ദേഹം.

കൈവിടാതെ തുടരണം

ആദ്യമായി നീന്തൽ എന്ന കല അഭ്യസിച്ച മനുഷ്യനെക്കുറിച്ച് ചിന്തിച്ചു നോക്കൂ. മറ്റുള്ളവരെപ്പോലെ അവനും കടലും നദികളും കണ്ട് ഭയപ്പെട്ടിരുന്നിരിക്കും. കുളത്തിൽ ഇറങ്ങിയതും, 'ഞാൻ മുങ്ങിപ്പോകുകയാണോ' എന്ന് ഞെട്ടി പിൻവാങ്ങിയിരുന്നിരിക്കും. എന്നാൽ, പക്ഷികളും ചില ജന്തുക്കളും വെള്ളത്തിൽ നീന്തുന്നത് കണ്ടപ്പോൾ അവന് ആത്മവിശ്വാസം വന്നിട്ടുണ്ടായിരിക്കും. അതേപോലെ പരിശീലിച്ചു നോക്കിയിരിക്കും. ദിവസം തോറും വ്യത്യസ്തമായി തുടർന്ന ആ പരിശീലനങ്ങൾ ഒരു ഘട്ടത്തിൽ അവന് വിജയം നൽകിയിരിക്കും. എന്തെന്നാൽ, അർപ്പണബോധത്തോടെ ചെയ്ത പരിശ്രമം അത്.

സാധാരണ മനുഷ്യർക്കും അർപ്പണബോധം കാട്ടുന്ന മനുഷ്യർക്ക് ചെറിയ വ്യത്യാസമേ ഉള്ളൂ. എല്ലാവർക്കും കഷ്ടങ്ങൾ ഉണ്ടാകും. പക്ഷേ, ക്ഷമയോടെ തുടർച്ചയായി പരിശ്രമിച്ചു കൊണ്ടിരുന്നാൽ ലക്ഷ്യം കടന്ന് ജയിക്കാം എന്ന് അർപ്പണ ബോധത്തോടെ പരിശ്രമിക്കുന്നതാണ് ആ വ്യത്യാസം. കഷ്ടങ്ങളും പ്രശ്നങ്ങളും ജീവിതത്തിന്റെ അംശങ്ങളാണ്. അവയും പതിവ് ഉത്സാഹത്തോടെ നേരിട്ട് കടന്നു വരണം എന്ന് ഇത്തരക്കാർ ചിന്തിക്കും.

വിധിയെ മാറ്റാം

ഏത് ജോലിയും അർപ്പണബോധത്തോടെ ചെയ്യാതെ എന്തെങ്കിലും ആകട്ടെ എന്ന് ചെയ്യുന്നവർ, അതിൽ പരാജയപ്പെട്ടാൽ വിധിയെ പഴിക്കും. സ്വന്തം തെറ്റുകൾക്ക് ആരെയെങ്കിലും കുറ്റപ്പെടുത്തും, ചില സമയങ്ങളിൽ ദൈവത്തിന്റെ മേൽ പോലും പഴിചാരുന്ന ഈ വിനോദം അപകടകരമായത്. അർപ്പണബോധം ഉണ്ടെങ്കിൽ, ഏത് വിധിയും മാറ്റാം. ചീട്ടുകളി തെറ്റായ കാര്യമാണ്. അതിലും ഒരു നീതി ഉണ്ട്.

ചീട്ടുകളിയിൽ ഒരാൾക്ക് 13 ചീട്ടുകൾ വന്ന് വീഴും. ആ 13 ചീട്ടുകൾ ഇങ്ങനെയായിരിക്കണം വന്ന് വീഴേണ്ടത് എന്നത് വിധിയാണെങ്കിൽ, അവ വച്ച് ഒരാൾ എങ്ങനെ കളിച്ച് ജയിക്കുന്നു എന്നത് ആ വ്യക്തിയുടെ മതിപ്പുമായി ബന്ധപ്പെട്ട കാര്യമാണ്. കഴിവും അർപ്പണബോധവും ഉണ്ടെങ്കിൽ, വിധിയെ മാറ്റാം.

അർപ്പണബോധത്തോടെ ജോലി ചെയ്ത് വ്യക്തി

അമേരിക്കയിൽ ഒരു വീടിന് തീപിടിച്ചു എന്ന് ഫോൺ വന്നതും, ഫയർ ഫോഴ്സ് കുതിച്ചു പാഞ്ഞു. വീട് അടുത്തതും വാഹനത്തിൽ നിന്ന് ഇറങ്ങിയ ഉദ്യോഗസ്ഥനായ ജെഫ് ക്ലാർക്ക്, വീടിനുള്ളിലേക്ക് പോയി. മറ്റ് ഉദ്യോഗസ്ഥർ പുറത്തു നിന്ന് തീ അണച്ചപ്പോൾ, 'ഉള്ളിൽ ആരെങ്കിലും ഉണ്ടോ' എന്ന് ഏത് വിധേനയും ചെന്ന് നോക്കേണ്ടത് ഇദ്ദേഹത്തിന്റെ കർത്തവ്യം.

ഒരു ജനൽ ഉടച്ച് ഉള്ളിൽ കുതിച്ച അദ്ദേഹം പുകയും നീറ്റലും സഹിച്ച് എല്ലാ മുറികളും പരിശോധിച്ചു. ഉള്ളിൽ ഒരു കൂറ്റൻ നായ മരണ ഭയത്തിൽ കുരച്ചു കൊണ്ട് നിൽക്കുന്നു. അതിന്റെ ഉയരവും ആകാരവും കണ്ടപ്പോൾ അദ്ദേഹത്തിന് ഭയം തോന്നി. ഇത് ആദ്യമായാണ് ഒരു നായയെ രക്ഷിക്കേണ്ടി വരുന്നത്.

'ഇതിനെ എടുത്താൽ എന്നെ കടിച്ചു കീറുമോ?' എന്ന് അദ്ദേഹത്തിന് സംശയം തോന്നി. 'എന്തായാലും വേണ്ടില്ല. തീയിൽ പെട്ടിരിക്കുന്ന ഒരു ജീവൻ രക്ഷിക്കേണ്ടത് എന്റെ കടമ' എന്ന് അതിന്റെ അടുത്തേക്ക് പോയി. അതിന് പൊക്കിയെടുത്ത് ജനലിലൂടെ പുറത്തേക്ക് ചാടി. അതിനെ ഭദ്രമായി ഒരിടത്ത് കിടത്തിയ ശേഷം, തീയണയ്ക്കാൻ മറ്റുള്ളവരോടൊപ്പം കൂടി.

തീയണച്ച് കഴിഞ്ഞപ്പോഴാണ് ക്ലാർക്കിന് ആ നായയെ ഓർമ്മ വന്നത്. തിരിഞ്ഞ് അതിനെ നോക്കി. നായ അദ്ദേഹത്തിന്റെ അടുത്തേക്ക് ഓടി വന്ന നായ സ്നേഹത്തോടെ ക്ലാർക്കിന്റെ മുഖത്ത് മുത്തം നൽകി. മൃഗങ്ങളും വികാരങ്ങൾ വെളിപ്പെടുത്തും എന്ന് കാണിക്കുന്ന ലോകപ്രശസ്ത് ദൃശ്യവിസ്മയമായി അത് മാറി.

ലക്ഷ്യത്തിലെത്തിച്ച അർപ്പണബോധം

ആധുനിക കാലത്തെ മികവുറ്റ ശാസ്ത്രജ്ഞനായും കണ്ടുപിടുത്തക്കാരനായും കരുതപ്പെടുന്നു മൈക്കേൽ ഫാരഡെ. വൈദ്യുതി, വൈദ്യുതകാന്തികത എന്നിവയുമായി ബന്ധപ്പെട്ട അദ്ദേഹത്തിന്റെ ഗവേഷണങ്ങളാണ് ഇന്ന് വാഹനങ്ങളും ട്രെയിനുകളും ഓടുന്നതിന് അടിസ്ഥാന കാരണം. അദ്ദേഹം രൂപപ്പെടുത്തിയ കണ്ടുപിടുത്തങ്ങളാണ് സ്മാർട്ട്ഫോൺ മുതൽ ടെലിവിഷൻ വരെയുള്ള എല്ലാത്തിനും ഉപയോഗപ്പെടുന്നത്.

ലണ്ടനിലെ ദരിദ്ര കുടുംബത്തിൽ ജനിച്ച വ്യക്തിയാണ് ഫാരഡെ. ദാരിദ്ര്യവും അദ്ദേഹത്തിന് ഉണ്ടായിരുന്ന സംസാര വൈകല്യവും കൊണ്ട് വിദ്യാഭ്യാസം മുടങ്ങി. 13 വയസ്സിൽ പ്രസിൽ ജോലിക്ക് പോയി. അപ്പോഴും അദ്ദേഹം ശാസ്ത്ര പുസ്തകങ്ങൾ വായിക്കുന്നത് മുടക്കിയില്ല.

പ്രത്യേകിച്ച് വൈദ്യുതിയെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിച്ച അദ്ദേഹത്തിന് പ്രശസ്ത ശാസ്ത്രജ്ഞൻ ഹംഫ്രി ഡേവിയുടെ സഹായിയായി ജോലിക്ക് ചേരണം എന്നത് ജീവിത സ്വപ്നം. കൃത്യമായ വിദ്യാഭ്യാസം ഇല്ലാത്ത ഫാരഡെയെ, ഹംഫ്രി ഡേവി ജോലിക്ക് ചേർക്കാൻ വിസമ്മതിച്ചു. പല തവണ ശ്രമിച്ച് അവസാനം തന്റെ കഴിവ് തെളിയിച്ച് ഡേവിയുടെ പക്കൽ ജോലിക്ക് ചേർന്നു അദ്ദേഹം. രണ്ടു പേരും ചേർന്ന് വൈദ്യുതിയിൽ പ്രവർത്തിക്കുന്ന മോട്ടോർ സൃഷ്ടിച്ച് ലോക പ്രശസ്തരായി.

ഡേവിയുടെ മരണ ശേഷം ഫാരഡെ ഡൈനാമോ അടക്കമുള്ള പല കണ്ടുപിടുത്തങ്ങൾ നടത്തി. അർപ്പണബോധം ഉണ്ടെങ്കിൽ, ഏത് വെല്ലുവിളിയും അവസരങ്ങളാക്കി മാറ്റാം എന്നതിന് ഫാരഡെ മികവുറ്റ ഉദാഹരണം. ●

മാറാത്ത അർപ്പണ ബോധത്തോടെ ജീവിക്കാം

ആരംഭകാലത്തിൽ ഒരു കാർ വിചിത്രമായ രൂപത്തിലായിരുന്നു. നാല് സൈക്കിൾ ചക്രങ്ങൾ ചേർത്ത്, അതോടൊപ്പം എഞ്ചിൻ ഘടിപ്പിച്ച് കാർ രൂപപ്പെടുത്തി. അതിന് വേഗം ഉണ്ടായിരുന്നില്ല. അതിനേക്കാൾ വേഗത്തിൽ കുതിരകൾ ഓടുന്നതിനാൽ കുതിര വണ്ടികളിൽ യാത്ര ചെയ്യാനാണ് പലരും ഇഷ്ടപ്പെട്ടത്.

പക്ഷേ, കാറുകൾ രൂപപ്പെടുത്തിയ ഹെൻട്രി ഫോർഡിന്, 'ഇനി ഇതാണ് ലോകത്തിന്റെ ഭാവി യാത്രാ വാഹനം' എന്ന് ബോധ്യമുണ്ടായിരുന്നു. അദ്ദേഹം പൂർണമായ അർപ്പണ ബോധത്തോടെ കാറുകളുടെ രൂപം മാറ്റാൻ പരിശ്രമിച്ചു.

മറ്റുള്ളവർ രൂപപ്പെടുത്തിയ കാറുകൾ വില കൂടിയവയായിരുന്നു. പക്ഷേ കാറുകൾ എല്ലാവരും വാങ്ങി ഉപയോഗിക്കണം എന്ന് ഫോർഡ് ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ അദ്ദേഹത്തിന് രണ്ട് തരത്തിലുള്ള ഉപദേശം നൽകി. 'വില കുറഞ്ഞ വസ്തുക്കൾ ഉപയോഗപ്പെടുത്തണം, മികവുറ്റ തൊഴിലാളികളെ ഉപയോഗപ്പെടുത്തി ഹ്രസ്വകാലത്തിൽ കാർ രൂപപ്പെടുത്തണം' എന്ന് അവർ പറഞ്ഞു.

ഈ രണ്ട് ഉപദേശങ്ങളും ഫോർഡ് തള്ളിക്കളഞ്ഞു. വിലക്കുറഞ്ഞ വസ്തുക്കൾ ഉപയോഗപ്പെടുത്തിയാൽ, കാറിന്റെ ഗുണമേന്മ കുറയും. മികവുറ്റ തൊഴിലാളികളെ ഉപയോഗിച്ചൽ, കുറച്ചു പേരെ മാത്രം ആശ്രയിക്കേണ്ട അവസ്ഥ വരും.

അതിനാൽ അദ്ദേഹം, 'അസംബ്ലി ലൈൻ' എന്ന രീതി അവതരിപ്പിച്ചു. അതായത്, ഓരോ ഭാഗവും ഓരോ സ്ഥലത്ത് ചിലർ ഉണ്ടാക്കും. അവ ഘട്ടംഘട്ടമായി കൂട്ടി യോജിപ്പിക്കുമ്പോൾ പൂർണമായ കാർ തയാറാകും. അതിലൂടെ അദ്ദേഹത്തിന് വേഗത്തിൽ കൂടുതൽ കാറുകൾ ഉൽപാദിപ്പിക്കാൻ കഴിഞ്ഞു. വിലക്കുറവിലും വിൽക്കാൻ സാധിച്ചു. ഇപ്പോഴും ഫാക്ടറികൾ ഉപയോഗപ്പെടുത്തുന്ന ഒരു മികവുറ്റ പ്രവർത്തന രീതിയാണ് ഇത്. താൻ ഏറ്റെടുത്ത തൊഴിലിൽ ഫോർഡിന് ഉണ്ടായിരുന്ന അർപ്പണബോധമാണ് ഇത് നേടാൻ വഴിയൊരുക്കിയത്.

പൂർണവും അർത്ഥവത്തുമായ ജീവിതം ജീവിക്കുക എന്നത് ഒരു ദീർഘയാത്രയാണ്. ക്ഷമയും അർപ്പണബോധവും അതിന് വേണം. പലർക്കും ജീവിതത്തിൽ ചില സമയങ്ങളിൽ വിരക്തി ഉണ്ടാകും. തങ്ങളുടെ ജോലികൾ അർപ്പണബോധമില്ലാതെ ചെയ്യും. ജീവിതത്തിലും അർപ്പണബോധം വേണം. പഠനം, ജോലി, തൊഴിൽ, വ്യാപാരം എന്നിങ്ങനെ എന്തു ചെയ്താലും അതിൽ അർപ്പണബോധം കാട്ടണം. അങ്ങനെ ആയിരിക്കാൻ ചില വഴികൾ:

- ഓരോരുത്തരുടെ ജീവിതത്തിനും ഒരു അർത്ഥം ഉണ്ടായിരിക്കും. ജനങ്ങൾക്ക് ഉപയോഗപ്രദമായ കണ്ടുപിടുത്തങ്ങൾ നടത്തുന്നത് ഒരു ശാസ്ത്രജ്ഞന്റെ ജോലി. വിദ്യാർത്ഥികളെ നല്ല വഴിക്ക് നടത്തേണ്ടത് ഒരു അധ്യാപകന്റെ ജോലി. നല്ല പദ്ധതികൾ ജനങ്ങൾക്കിടയിൽ എത്തിക്കേണ്ടത് സർക്കാർ ഉദ്യോഗസ്ഥരുടെ ജോലി. നിങ്ങളുടെ ജോലിയുടെ അർത്ഥം എന്ത്? അത് മനസ്സിലാക്കണം. നിങ്ങളുടെ ബലം എന്താണ്, ഏതിലാണ് താൽപര്യം ഉള്ളത്, എന്ത് ചെയ്താലാണ് നിങ്ങൾക്ക് സന്തോഷവും നിറവും ലഭിക്കുന്നത്, നിങ്ങൾ ഏതിനെല്ലാം ജീവിതത്തിലുംമതിപ്പ്നൽകുന്നുഎന്നതെല്ലാം വച്ച് അത് തീരുമാനിക്കണം.

• നിങ്ങളുടെ ജോലി അല്ലെങ്കിൽ അധ്വാനം എത്തരത്തിലുള്ള അനന്തരഫലം ഉണ്ടാക്കണം എന്നാണ് പ്രതീക്ഷിക്കുന്നത്? അത് വച്ച് നിങ്ങളുടെ ലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യണം.

• മനുഷ്യർ സമൂഹമായി ജീവിക്കാൻ ജനിച്ചവരാണ്. നാം എന്തും അർപ്പണബോധത്തോടെ ചെയ്യാൻ നമുക്ക് ചുറ്റുമുള്ളവർ സഹായിക്കും. നമ്മെ അഭിനന്ദിച്ച്, നമ്മുടെ പ്രവർത്തികളെ ഉത്സാഹത്തോടെ മതിക്കുന്ന കുടുംബാംഗങ്ങൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ ഇങ്ങനെ എല്ലാവരും അവശ്യം.

• ഏത് ചുറ്റുപാടിലും അർപ്പണബോധം കുറയാതെ അധ്വാനിക്കാൻ, ഉത്സാഹമായ മാനസിക നില അവശ്യം. പരാജയങ്ങളെ വിജയത്തിലേക്കുള്ള പാതകളായി കാണണം. തിരിച്ചടികൾ പഠിക്കാനുള്ള അവസരമായി ചിന്തിക്കണം.

• എപ്പോഴും പുതിയ പുതിയ കാര്യങ്ങൾ പരിശ്രമിച്ചു നോക്കുന്നത് നിങ്ങളുടെ മനസ്സ് വിശാലമാക്കി മാറ്റും. താൽപര്യവും അർപ്പണബോധവും കുറയാത്തവരായി നിങ്ങളെ മാറ്റും. പുതിയ ലക്ഷ്യങ്ങളിലേക്ക് യാത്ര ചെയ്യണം, പുതിയ മനുഷ്യരെ കണ്ടുമുട്ടണം. പുതിയ അനുഭവങ്ങൾ നിങ്ങളുടെ ജീവിതത്തെ രസകരമാക്കും.

• ഉത്സാഹവും അർപ്പണബോധവും കുറയാതെ അധ്വാനിക്കണമെങ്കിൽ, അതിന് ശരീരവും മനസ്സും സഹകരിക്കണം. ഈ രണ്ടിന്റെ സൗഖ്യത്തിലും കരുതൽ വേണം. ആരോഗ്യകരമായ ജീവിതശൈലി, സമീകൃത ഭക്ഷണം, ആവശ്യമായ വ്യായാമം എല്ലാത്തിലും ശ്രദ്ധ വേണം.

• നിങ്ങളുടെ അധ്വാനം കൃത്യതയുള്ളതായിരിക്കണമെങ്കിൽ, വേണ്ടത്ര വിശ്രമിച്ച് നിങ്ങൾക്ക് വീണ്ടും എനർജി നൽകേണ്ടതുണ്ട്. നല്ല ഉറക്കം പ്രധാനം. യോഗ, ധ്യാനം, നല്ല ചിന്തകൾ ഉള്ള പുസ്തകങ്ങൾ വായിക്കൽ എന്നിവ അവശ്യം.

• പഠനമാണ് വളർച്ചയുടെ മൂല മന്ത്രം. നിങ്ങൾ ഏത് മേഖലയിലായിരുന്നാലും, അതിന് അനുസൃതമായി തുടർച്ചയായി പഠിക്കണം.

• ഗതാഗതം മികവുറ്റതാകാനാണ് ചില നിയമങ്ങൾ സൃഷ്ടിച്ചിരിക്കുന്നത്. റോഡുകൾ കൃത്യമായി വിനിയോഗിക്കാൻ അവ സഹായിക്കും. സമാനമായി നിങ്ങളുടെ പ്രവർത്തനത്തിനും ചില നിയമങ്ങൾ അവശ്യം. നിങ്ങൾക്ക് വേണ്ട ചിട്ടയായ നിയമങ്ങൾ നിങ്ങൾ തന്നെ രൂപപ്പെടുത്തണം.

• ഏതെങ്കിലും ഒരു ശരിയായ സന്ദർഭത്തിനു വേണ്ടി കാത്തിരിക്കരുത്. 'ഇത് ചെയ്യണം' എന്ന് തീരുമാനിച്ചാൽ, ഉടനേ അത് ആരംഭിക്കണം. ഇന്ന് ചെയ്തതിനേക്കാൾ നാളെ മറ്റൊരു പടിയെങ്കിലും മികവോടെ ചെയ്യണം എന്ന് ഓരോ ദിവസവും ചിന്തിക്കണം. ഒന്നിലും അർപ്പണബോധം കുറയാതെ ജീവിക്കണം.

അർപ്പണബോധമാണ് നിങ്ങളുടെ അടയാളം

പ്രവർത്തികളാണ് ഓരോരുത്തർക്കും അടയാളം നൽകുന്നത്. വിമാനം പറത്തുന്ന ആളുടെ പേര് ആർക്കും അറിയില്ലെങ്കിൽ പോലും ആ വ്യക്തിയെ 'പൈലറ്റ്' എന്ന് ചെയ്യുന്ന തൊഴിലിന്റെ പേരിലാണ് വിളിക്കപ്പെടുന്നത്. കാർ ഓടിച്ചാൽ ഡ്രൈവർ, പാചകം ചെയ്താൽ പാചകക്കാരൻ, ഒരു സ്ഥാപനത്തിൽ മേധാവി ആയിരുന്നാൽ മാനേജിങ് ഡയറക്ടർ എന്നിങ്ങനെ പലർക്കും ജോലിയാണ് അടയാളമായി മാറുന്നത്.

ആ ജോലിയിൽ നാം കാണിക്കുന്ന അർപ്പണബോധമാണ് നമ്മെ മികവുറ്റവരാക്കി മാറ്റുന്നത്. താൽപര്യവും അർപ്പണബോധവും ഉൾമനസ്സിൽ നിന്നാണ് വരുന്നത്. കൃത്രിമമായി അത് സൃഷ്ടിക്കാൻ കഴിയില്ല. അങ്ങനെ ചെയ്യുന്നത്, നാം നമ്മെത്തന്നെ വഞ്ചിക്കുന്ന പ്രവർത്തിയാണ്. യഥാർത്ഥത്തിൽ നിങ്ങൾക്ക് താൽപര്യമുള്ളഒരുപ്രവർത്തിയിൽകഴിവ്വളർത്തി, അർപ്പണബോധത്തോടെ അധ്വാനിച്ചാൽ, കൈവരിക്കാനാകാത്തതൊന്നും ലോകത്ത് ഇല്ല.

താൽപര്യം മറ്റൊന്നിലും ബന്ധമില്ലാത്ത മറ്റൊരു വിഷയത്തിൽ അർപ്പണബോധവും കാണിച്ചാലും ഫലം ഉണ്ടാകില്ല. ഇതിനെക്കുറിച്ച് ഒരു കഥ ഉണ്ട്. ഭർത്താവിനെ നഷ്ടപ്പെട്ട ഒരു സ്ത്രീയും ഭാര്യയെ നഷ്ടപ്പെട്ട ഒരു പുരുഷനും ഉണ്ടായിരുന്നു.ഇരുവരുംപരസ്പരസമ്മതത്തോടെ പുനർവിവാഹം ചെയ്തു. ആ സ്ത്രീക്ക് ഒരു മകൾ ഉണ്ടായിരുന്നു. ആ പുരുഷനും ഒരു മകൻ ഉണ്ടായിരുന്നു. 'രണ്ട് കുട്ടികളേയും തങ്ങളുടെ കുട്ടികളായി വളർത്തണം, മറ്റു കുട്ടികൾ വേണ്ട' എന്ന് ഇരുവരും ചേർന്ന് തീരുമാനം എടുത്തു.

'അമ്മയുടെ സ്നേഹം ഇല്ലാതെ വളരുന്ന ഭർത്താ വിന്റെ മകൻ വിഷമിക്കരുത്' എന്ന് ചിന്തിച്ച ആ സ്ത്രീ, തന്റെ മകളേക്കാൾആആൺകുട്ടിയോട് കൂടുതൽ സ്നേഹം കാണിച്ചു. എന്നിരുന്നാലും അവരുടെ മകളെപ്പോലെ അവൻ ഉത്സാഹത്തോടെ ഇല്ല, ശരിയായി കളിക്കാൻ പോകുന്നില്ല, നന്നായി പഠിക്കുന്നില്ല. എന്താണ് കാരണം എന്ന് അച്ഛനും മനസ്സിലായില്ല.

ഒരു ദിവസം രാത്രി വീട്ടിലിരുന്ന് ഓഫീസ് ജോലികൾ പൂർത്തിയാക്കി വൈകി ഉറങ്ങാൻ ചെന്നപ്പോൾ അതിനുള്ള കാരണം മനസ്സിലായി. ആ സ്ത്രീ തന്റെ ഭർത്താവിന്റെ മകനെ അരികിൽ കിടത്തി ഉറങ്ങുകയാണ്. പക്ഷേ, അൽപം അകലെ തന്റെ മകൾ ഉറക്കത്തിൽ ചുമച്ചപ്പോൾ അവർ അറിയാതെ തന്നെ അവരുടെ കൈകൾ നീണ്ട് മകളെ ചേർത്തുപിടിച്ചു. 'തന്റെ മകനോട് എത്ര തന്നെ ഭാര്യ സ്നേഹം കാണിച്ചാലും, അവളുടെ ഉള്ളിലെ സ്നേഹം സ്വന്തം മകളിലാണ്. അതേ പോലെ തന്റെ മകനോട് ഉള്ളിലെ സ്നേഹം കാണിച്ചാലേ അവനെ മികവോടെ വളർത്താൻ കഴിയൂ' എന്ന് അച്ഛന് മനസ്സിലായി. യഥാർത്ഥ അർപ്പണബോധം മറയ്ക്കാൻ കഴിയില്ല.

അതേ സമയം, നിങ്ങൾക്ക് അർപ്പണബോധമുള്ള ഒരു കാര്യത്തിൽ നിങ്ങൾ ഉയരത്തിലെത്തുന്നത് ആർക്കും തടുക്കാൻ കഴിയില്ല. ഇതുമായി ബന്ധപ്പെട്ട് മറ്റൊരു കഥയുണ്ട്. ഒരു ഗ്രാമത്തിൽ പുതിയ ഒരു ആരാധനാലയത്തിന്റെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. നാട്ടിൽ എല്ലാവരും അതിനു വേണ്ടി തങ്ങളുടെ കൈവശമുള്ള സമ്പാദ്യം നൽകി. ആ ഗ്രാമത്തിൽ ദരിദ്രനായ ഒരാൾ, തന്റെ പക്കൽ ഉണ്ടായിരുന്ന മൊത്തം സമ്പാദ്യവും നൽകി. നാട്ടിൽ ഏറ്റവും വലിയ ധനികൻ, 'എന്നാൽ കഴിയുന്നത് നൽകാം' എന്ന് തന്റെ സമ്പാദ്യത്തിൽ നിന്ന് ഒരു പകുതി നൽകി. അദ്ദേഹം നൽകിയത് പല ലക്ഷങ്ങൾ, ആ ദരിദ്രൻ നൽകിയത് ആയിരം രൂപ പോലും ഇല്ല.

ഇരുവരും ഒരേ ദിവസം മരിച്ച് സ്വർഗത്തിൽ എത്തി. ആ ദരിദ്രനെ സ്വർഗവാതിലിൽ ദേവദൂതന്മാർ മാലയിട്ട് കൂട്ടുക്കൊണ്ടുപോയി.

ധനികനെയാകട്ടെ സാധാരണ പോലെ വാതിൽ തുറന്ന് ഉള്ളിലേക്ക് വിളിപ്പിച്ചു. അദ്ദേഹത്തിന് ദേഷ്യം അടക്കാനായില്ല. 'ദൈവമേ, താങ്കൾക്ക് ക്ഷേത്രം പണിയാൻ ഞാൻ അത്രയും ലക്ഷങ്ങൾ നൽകി. അവൻ ആയിരം രൂപ പോലും നൽകിയിട്ടില്ല. അവന് ഇത്രയും ബഹുമാനം നൽകുകയും എന്നെ അപമാനപ്പെടുത്തുകയും ചെയ്യുകയാണല്ലോ' എന്ന് ദേഷ്യത്തോടെ ചോദിച്ചു.

ദൈവം ചിരിച്ചു കൊണ്ട് അവനോട്, 'ആ ദരിദ്രൻ തന്റെ പക്കൽ ഉണ്ടായിരുന്ന മൊത്തം സമ്പാദ്യവും നൽകി. ക്ഷേത്രത്തിനു വേണ്ടി തന്റെ പക്കൽ ഉള്ള എല്ലാം നൽകണം എന്ന അർപ്പണ ബോധം അവന് ഉണ്ടായിരുന്നു. പക്ഷേ നീ നിന്റെ പക്കൽ ഉള്ളതിൽ പകുതിയാണല്ലോ ക്ഷേത്രത്തിന് നൽകിയത്. 'നാട്ടിൽ എല്ലാവരേക്കാളും കൂടുതൽ നൽകിയ വ്യക്തി' എന്ന പേര് നേടാനാണ് അത് ചെയതത്. അല്ലാതെ നിനക്ക് ഭക്തിയോ അർപ്പണബോധമോ ഇല്ലല്ലോ' എന്ന് മറുപടി നൽകി.

ഏതിൽ അർപ്പണബോധമുണ്ടോ, അത് ചെയ്യുമ്പോൾ നമുക്ക് മികച്ച ഫലങ്ങൾ ലഭിക്കും. അർപ്പണബോധത്തോടെ അധ്വാനിക്കും മനുഷ്യർക്ക് ചില പൊതുവായ ഗുണങ്ങൾ ഉണ്ടായിരിക്കും.

❖ തങ്ങളുടെ ഉള്ളുണർവ് വഴികാട്ടുന്ന പാതയിൽ സഞ്ചരിക്കുന്നു, മനസ്സ് പറയുന്നത് ചെയ്യുന്നു എന്ന നിർവൃതി അവർക്ക് ഉണ്ടായിരിക്കും. ഓരോ നിമിഷവും ചെയ്യുന്ന ജോലി ആസ്വദിച്ച് ഉത്സാഹത്തോടെ ചെയ്യും.

❖ അവർക്ക് ധൈര്യം ഉണ്ടായിരിക്കും. ധൈര്യം എന്നത് മസിലുകൾ പെരുപ്പിച്ച് എല്ലാവരോടും തല്ല് കൂടുന്നതല്ല. 'ഇതിൽ എനിക്ക് ജയിക്കാൻ കഴിയും' എന്ന് വിശ്വസിക്കുന്ന ഒരു വിഷയത്തെ മനസ്സുറപ്പോടെ ചെയ്യാനും എത്ര പ്രശ്നങ്ങൾ ഉണ്ടായാലും അവ നേരിട്ട് മുന്നേറാനും ധൈര്യം വേണം.

❖ അർപ്പണബോധവും താൽപര്യവും കഴിവും ഉള്ള ഒരു മേഖലയിൽ മറ്റുള്ളവരെ മറികടന്ന് ഒന്നാം സ്ഥാനത്ത് എത്താൻ നിശ്ചയദാർഢ്യം വേണം.

❖ പോസിറ്റീവ് ആയി ചിന്തിക്കണം. ഏത് പ്രശ്നങ്ങൾ നേരിട്ടാലും, പിൻവാങ്ങാതെ ആസൂത്രണം ചെയ്ത് ഉയരങ്ങളിലെത്താൻ ഇത്തരത്തിലുള്ള മനോഭാവം സഹായിക്കും. ●

ഏതിലാണ് നിങ്ങൾക്ക്

അർപ്പണബോധം?



'ജീവിതത്തിൽ നാം എന്താകണം' എന്നതിനെക്കുറിച്ച് ഓരോരുത്തർക്കും സ്വപ്നം ഉണ്ടായിരിക്കും. അർപ്പണബോധത്തോടെ പരിശ്രമിച്ചാൽ, അത് തീർച്ചയായും അറിയാൻ കഴിയും. ഇതുമായി ബന്ധപ്പെട്ട് നിരവധി മിഥ്യാധാരണകൾ ഉണ്ട്. 'ഒരാൾക്ക് ഒരേയൊരു സ്വപ്നം മാത്രമേ ഉണ്ടായിരിക്കൂ' എന്നത് അത്തരത്തിലുള്ള ഒരു മിഥ്യാധാരണ.

ഇത് യാഥാർത്ഥ്യമല്ല. ഓരോ പ്രായത്തിലും ഓരോ ചുറ്റുപാടിലും സ്വപ്നങ്ങൾ മാറിക്കൊണ്ടേയിരിക്കും. താൽപര്യവും കഴിവും വ്യത്യസ്തമായവയാണ്. ഒരാൾക്ക് വിമാനം പറത്തണം എന്ന താൽപര്യം ഉണ്ടായിരിക്കാം. പക്ഷേ, ആ വ്യക്തിക്ക് കെട്ടിട രൂപകൽപനയിൽ കഴിവ് ഉണ്ടായിരുന്നാൽ, ഡിസൈനർ ആയി മാറാൻ എളുപ്പമാണ്. ഫാസ്റ്റ് ബൗളർ ആകണം എന്ന താൽപര്യത്തോടെ ഗ്രൗണ്ടിൽ എത്തിയതാണ് സചിൻ ടെൻഡുൽക്കർ. പക്ഷേ, അദ്ദേഹത്തിന്റ്റെ ബാറ്റിംഗിലെ അപൂർവ കഴിവ് പരിശീലകൻ കണ്ടറിഞ്ഞ് ആ കഴിവിനെ ചെത്തിമിനുക്കി.

ഇത്തരത്തിൽ തങ്ങളുടെ താൽപര്യവും കഴിവും തിരിച്ചറിയാൻ കഴിഞ്ഞാൽ, നിങ്ങൾക്ക് സ്വപ്നങ്ങളുടെ അടയാളം കാണാൻ കഴിയും. അവയിലേക്ക് എത്താനുള്ള പാതയും നിർണയിക്കാൻ കഴിയും.

ജീവിതത്തിൽ ലക്ഷ്യമായും സ്വപ്നമായും ഗോൾ ആയും കരുതുന്ന ഒരു പ്രവൃത്തി നിങ്ങൾക്ക് എങ്ങനെ തിരിച്ചറിയാൻ കഴിയും?

- ഏതെങ്കിലും കാര്യം നേരമ്പോക്ക് ആയി ചെയ്യുമ്പോൾ ലഭിക്കുന്ന അതേ സന്തോഷം, നിങ്ങളുടെ ജോലി ചെയ്യുമ്പോൾ ലഭിക്കും.
- ആ പ്രവൃത്തി ഉത്സാഹത്തോടെയും ആനന്ദത്തോടെയും ചെയ്യും.
- അതിരാവിലെ അലാറം അടിക്കുന്നതിന് മുമ്പ് എഴുന്നേൽക്കും. ആ ദിവസം ചെയ്യാൻ പോകുന്ന ജോലിയെക്കുറിച്ച് ചിന്തിക്കും.
- സുഹൃത്തുക്കളോട് സൊറ പറഞ്ഞിരിക്കുന്നതിനേക്കാൾജോലിചെയ്യുന്നതിലായിരിക്കും കൂടുതൽ സന്തോഷം ലഭിക്കുക.
- ദിവസവും ജോലിക്ക് ഉത്സാഹത്തോടെ പോകും. 'എന്തിനാണ് ഇത് ചെയ്യുന്നത്' എന്ന വിരസത ഉണ്ടാകില്ല.
- ജോലി ചെയ്യാനിറങ്ങിയാൽ, സമയം പറപറക്കുന്നത് മറന്നു പോകും.
- നിങ്ങളുടെ പ്രവർത്തിയിൽ ചെറുതായ ഒരു മുന്നേറ്റം പോലും വലിയ വിജയമായി കരുതും.
- ഏത് പ്രശ്നം നേരിട്ടാലും ചെയ്യുന്ന പ്രവർത്തിയിൽഒരുഅടിപോലുംപിൻവാങ്ങില്ല.
- 'ഇതിന് പകരം മറ്റെന്തെങ്കിലും നോക്കാം' എന്ന ചിന്ത മനസ്സിൽ തലയുയർത്തില്ല.
- ഈ പ്രവൃത്തി ചെയ്യുന്നതിലൂടെ എത്ര പണം സമ്പാദിക്കാം, ഏത് അളവിൽ പ്രശസ്തി നേടാം എന്ന രീതിയിൽ ആസൂത്രണം ചെയ്യില്ല. 'നമ്മുടെ പ്രവൃത്തി സത്യസന്ധതയോടെ ചെയ്യണം' എന്ന് മാത്രം ചിന്തിക്കും. അത് നിങ്ങൾക്ക് എല്ലാം സമ്പാദിച്ച് നൽകും.

Owned, Published by K.R. NAGARAJAN, Published from 10, Sengunthapuram Mangalam Road, TIRUPUR - 641 604 &
Printed by B. ASHOK KUMAR at RATHNA OFFSET PRINTERS,
40, Peters Road, Royapettah, Chennai - 600 014. Editor : T.J. GNANAVEL

RAMRAJ
mrithu®
TOWELS
SOFT LIKE
Foam
STORE LOCATION
Shop Online at
www.ramrajcotton.in
MRITHU PREMIUM
BATH TOWELS
BAMBOO
TOWELS
SIGNATURE
TOWELS
TERRY
TOWELS
STRIPED & CHECKERED
TOWELS
SUPER SOFT & SUPER ABSORBENT
Available at Ramraj Showrooms and All Leading Textile Shops

Venma Monthly - Postal Registration No. TN/TRU/31/2024-26. Registered with the Registrar of Newspapers for India under No.TNMAL/2017/75251.
Day of Publishing: 01-07-2025.Posted at Tirupur BPC on 5th of every month.